കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18


## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.26/2597/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി.28-11-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എം.എ.11/18

കെ.എസ്.എ.എം.പി.എം.26/2597/18 തിയ്യതി:28-11-2018

## മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.09.2017 മുതൽ 22.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ഷാജഹാൻ.എ.എസ് , ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :22.10.2018 മുതൽ 01.11.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുൽ റഹ്മാൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുസ്സലാം.പി | ഓഡിറ്റർ |
| ശ്രീ.ബിജേഷ്.എ.എസ് | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.പി.മിഥുന | 01.04.2017 മുതൽ 31.03.18വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ഉണ്ണി.കെ (സെക്രട്ടറിയുടെ ചുമതല) | 01.04.2017 മുതൽ 15.04.2017 വരെ |
| ശ്രീ.കെ.പി.അനിൽ സെക്രട്ടറി | 16.04.2017 മുതൽ 12.06.2017 വരെ |
| ശ്രീ.ഉണ്ണി.കെ (സെക്രട്ടറിയുടെ ചുമതല) | 13.06.2017 മുതൽ 14.06.2017 FN വരെ |
| ശ്രീ.രവീന്ദ്രനാഥ്.പി.ഡി സെക്രട്ടറി | 14.06.2017 AN മുതൽ 31.03.18 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഉണ്ണി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ചാൾസ് റാഫി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജനീഷ പി.അഹമ്മദ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. സുരയ്യ.ഇ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. വൽസൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സീന സൂസൻ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിനോദ് കുമാർ.കെ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.ഷൈജു.പി | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | അനധികൃത ഓഡിറ്റോറിയം -താത്കാലിക കെട്ടിട നമ്പർനൽകി നികുതി ഈടാക്കുന്നില്ല | 2-1 |
| 14 | തൊഴിൽ നികുതി വരവ് - അപാകതകൾ | 2-2 |
| 15 | ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചില്ല | 2-3 |
| 16 | കെട്ടിട വാടക - അപാകതകൾ | 2-4 |
| 17 | പള്ളിക്കൽ പഞ്ചായത്ത് പരിധിയിലെ അനധികൃത നിർമ്മാണങ്ങൾ | 2-5 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ | 2-6 |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ വിതരണം- 8 കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല | 3-1 |
| 20 | പത്താം തരത്തിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ - രണ്ട് സൈക്കിളുകൾ വിതരണം ചെയ്തില്ല | 3-2 |
| 21 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-3 |
| 22 | ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി പിൻവലിച്ചു - കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല | 3-4 |
| 23 | പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-5 |
| 24 | പി.എച്ച്.സി യിലേക്ക് എയർ കണ്ടീഷൻ വാങ്ങൽ - മുൻകൂർ തുക നൽകിയിട്ടും എ.സി ലഭ്യമായില്ല | 3-6 |

| | | |
|---|---|---|
| 25 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-7 |
| 26 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി നടപ്പാക്കി | 3-8 |
| 27 | ഇ-ടെണ്ടർ പ്രവൃത്തികൾ- ₹ 9 ലക്ഷം ലാഭം | 3-9 |
| 28 | പഞ്ചായത്ത് ലൈബ്രറി നടത്തിപ്പ് -അപാകതകൾ | 3-10 |
| 29 | ട്രാൻസ്പോർട്ടേഷൻ ചാർജ് - അധികമായി അനുവദിച്ച തുക ഓഡിറ്റ് നിർദേശത്തെ തുടർന്ന് തിരിച്ചടവാക്കി | 3-11 |
| 30 | വീട് നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ചില്ല | 3-12 |
| 31 | വീടിന്റെ മേൽക്കൂര മാറ്റൽ പ്രൊജക്ട് - മാർഗ്ഗരേഖ നിർദേശം പാലിച്ചില്ല | 3-13 |
| 32 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-14 |
| 33 | കാലഹരണപ്പെട്ട യാത്രാ ബത്ത അനുവദച്ചത് സംബന്ധിച്ച് | 3-15 |
| 34 | ചെറു പറമ്പത്ത് SC WSSകുഴൽ കിണർ നിർമ്മിച്ചത് - പ്രവർത്തന ക്ഷമമല്ല | 3-16 |
| 35 | കുടിവെള്ള വിതരണം നടത്തിയതിലെ അപാകതകൾ - സംബന്ധിച്ച് | 3-17 |
| | ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 46 | അനുബന്ധം-1 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പ് പ്രകാരം അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദേശങ്ങൾ (മേൽ സൂചിപ്പിച്ച നിയമത്തിലെ 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ) ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്ഥിരം സമിതികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ വികസന കാര്യ, ക്ഷേമകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതികൾ ബജറ്റ് നിർദേശങ്ങൾ സമർപ്പിക്കുന്നതിൽ സമയക്രമം പാലിച്ചിട്ടില്ല. (യഥാക്രമം 21.02.17, 18.02.17, 22.02.17 എന്നീ തീയ്യതികളിലാണ് ധനകാര്യ സ്ഥിരം സമിതിക്ക് നിർദേശങ്ങൾ സമർപ്പിച്ചത്).

മേൽ നിയമത്തിന്റെ ഉപവകുപ്പ് 1 എ (1) പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നതിനു മുമ്പ് ധനകാര്യ സ്ഥിരം സമിതി പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ഉപവകുപ്പ് 1 എ (8) പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ബജറ്റ് പാസാക്കേണ്ടതാണ്. ഏപ്രിൽ ഒന്നിനു മുമ്പ് പാസാക്കിയില്ലെങ്കിൽ അന്നു മുതൽ ചെലവ് ചെയ്യാൻ പാടില്ല.

2017-18 ബജറ്റിന്റെ കരട് ധനകാര്യ സ്ഥിരം സമിതി 07.03.17-ന് അംഗീകരിക്കുകയും, 29.03.17-ന് ഗ്രാമപഞ്ചായത്ത് വൈസ്-പ്രസിഡന്റ് ശ്രീമതി ജസീന ലത്തീഫ് ഭരണസമിതിയിൽ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ ഭരണസമിതി ബജറ്റ് അംഗീകരിക്കുന്നത് സാമ്പത്തിക വർഷം ആരംഭിച്ചതിനു ശേഷമാണ്, 29.04.17-ലെ 1-ാംനമ്പർ തീരുമാനം പ്രകാരം. ആയതിനാൽ 1.4.2017 മുതൽ 28.04.17 വരെ നടത്തിയ ചെലവുകൾ അനധികൃതമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഇ-സബ്മിഷൻ) | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 02-05-2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 20.06.2018 & 21.06.2018 | കെ.എസ്.എ.എം.പി.എം.26/1808 /2018 |

| | | |
|---|---|---|
| | | തിയതി. 20.7.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,25,43,715 |
| വരവ് | 9,81,94,251 |
| ആകെ | 13,07,37,966 |
| ചെലവ് | 9,56,80,462 |
| നീക്കിയിരുപ്പ് | 35057504 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | | 0 | 18281542 | 18281542 | 14522863 | 3758679 |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 0 | 8448055 | 8448055 | 7195127 | 1252928 |
| വികസനഫണ്ട് – ടി.എസ്..പി (ACR പ്രകാരം) | | 0 | 56977 | 56977 | 0 | 56977 |
| സംരക്ഷണ ഗ്രാന്റ് – റോഡ് (ACR പ്രകാരം) | | 0 | 14440899 | 14440899 | 14439977 | 922 |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് (ACR പ്രകാരം) | | 0 | 4154370 | 4154370 | 3960203 | 194167 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9496642 | 9496642 | 9482723 | 13919 |
| കെ.എൽ.എസ്.ജി.ഡി.പി ലോക ബാങ്ക് ധനസഹായം (ACR പ്രകാരം) | കേന്ദ്ര വിഹിതം | 0 | 2633343 | 2633343 | 2311078 | 322265 |
| | സംസ്ഥാന വിഹിതം | 0 | 1096546 | 1096546 | 358098 | 738448 |
| സാക്ഷരത | | 28121 | 0 | 28121 | 0 | 28121 |
| ദുരിതാശ്വാസ നിധി | | 01 | 75000 | 75001 | 0 | 75001 |
| എൻ. ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 22362751 | 22362751 | 22362751 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 27485 ** | 1080148 | 1107633 | 1074976 | 32657 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | Total Sanitation Campaign (TSC) | 324606 | 2657164 | 2981770 | 2853000 | 128770 |
| | Sarva Siksha Abhiyan (SSA) | 113820 | 4467 | 118287 | 0 | 118287 |
| | Integrated Child Development Schemd (ICDS) | 6833437 | 1962389 | 8795826 | 3139080 | 5656746 |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് | | 6035 | 700000 | 706035 | 700000 | 6035 |
| വരൾച്ചാ ദുരിതാശ്വാസ ഗ്രാന്റ് | | 411547 | 0 | 411547 | 0 | 411547 |
| ബി. ഫണ്ട് | | 0 | 54529340 | 54529340 | 54529340 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ACR പ്രകാരം) | | 0 | 13947013 **** | 13947013 | 12250509 | 1696504 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (പള്ളിക്കൽ സർവീസ് കോപ്പറേറ്റീവ് ബാങ്ക്) | 14190061 | 25722155 | 39912216 | 12127233 | 27784983 |
| | ട്രഷറി അക്കൗണ്ട് **** | 12617776 | 17477574 | 30095350 | 33227355 | (3132005) |
| | SBT സേവിംഗ്സ് അക്കൗണ്ട് | 4995968 | 6866289 | 11862257 | 2089791 | 9772466 |
| | E-payment (State Bank) | 2408 | 95060 | 97648 | 1297 | 96171 |

കുറിപ്പ്

ജോയന്റ് വെഞ്ചർ അക്കൗണ്ട് മുൻബാക്കി വാർഷിക കണക്ക് പ്രകാരം 1805035 രൂപയാണ്. എന്നാൽ ഈ തുകയിൽ 6035രൂപ ഒഴികെയുള്ള തുക ചെലവഴിച്ച് കഴിഞ്ഞതാണ്.*** –

** എൻ. ആർ. ഇ. ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ് മുൻബാക്കി വാർഷിക കണക്ക് പ്രകാരം 1266331 രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ 27485 രൂപ മാത്രമാണ് മുൻബാക്കി ഉള്ളത്.

സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കുകളാണ് എടുത്തിട്ടുള്ളത്. തൊഴിലാളികളുടെ കൂലി എൻ. ആർ. ഇ. ജി.എസ്.* –

**** – ട്രഷറി ടി എസ്.ബി അക്കൗണ്ടിലെ ആകെ ചെലവ് തുകയിൽ 15365875 രൂപ സർക്കാർ പിൻവലിച്ചതാണ്.

G.O(Rt)No.3065/2018/Fin Dt.31.3.18 പ്രകാരം അനുവദിച്ച 67013.00 രൂപ ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 282 | 192 | 0 | 90 | 68 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27485 | 1080148 | 1107633 | 1074976 | 32657 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | 0 | 22362751 | 22362751 | 22362751 | 0 |
| ആകെ | 27485 | 23442899 | 23470384 | 23437727 | 32657 |

കുറിപ്പ് : തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭരണ ചെലവുകളും ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകിയ തുകകളും എൻ ആർ ഇ ജി എസ്. സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കുകളാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകിയ 22362751 രൂപയിൽ 18700210 രൂപ Unskilled labourers ന്റെ വേതനവും 1778100 രൂപ Semi Skilled laboures ന്റെ വേതനവും 1884441 രൂപ മെറ്റീരിയലിന്റെ വിലയുമാണ്. ഭരണ ചെലവുകളിൽ തൻവർഷം ഹോണറേറിയം ഇനത്തിൽ നൽകിയ തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം<br>Unemployment Allowance Scheme | 87240 | 148 |
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 3374800 | 300 |
| വിധവാപെൻഷൻ<br>Destitute /Widow Pension | 15506300 | 1316 |
| വാർദ്ധക്യകാലപെൻഷൻ<br>National Old Age Pension | 28289400 | 2239 |
| വികലാംഗപെൻഷൻ<br>Pension for Physically Challenged/Mentally Challenged | 5862300 | 529 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ<br>Pension for Unmarried women aged above 50 | 244300 | 28 |
| വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 930,000 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളിൽ കണ്ടെത്തിയ പോരായ്മകൾ താഴെ പറയുന്നു.

1. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. വിശദാംശങ്ങൾ ഖ.1-1 ൽ പറഞ്ഞിട്ടുണ്ട്.

2. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3. എൽ.എസ്.ജി.ഡി.ചീഫ് എഞ്ചിനീയറുടെ ഇ-7/11350/15/സി.ഇ./ത.സ്വ.ഭ.വ./19-01-2017 നമ്പർ സർക്കുലറിൽ പറഞ്ഞിട്ടുള്ള രജിസ്റ്ററുകൾ പൂർണ്ണമായും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2018 | 01.08.2018 മുതൽ 31.09.2018 വരെ | 15.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.05.2001 മുതൽ 02.06.2001 വരെ | 1997-98 മുതൽ 1999-2000 വരെ | 18.07.2001 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം കണക്കാക്കുകയോ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. പാർട്ട്ബിൽ ആയി നല്കുന്ന തുകകൾ Work in progress എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഫൈനൽ ബിൽ നല്കുന്ന മുറക്ക് ആസ്തികളിലേക്ക് മാറ്റിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

4. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ/സംയുക്ത പ്രൊജക്ടിനുള്ള തുകകൾ ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ B4) ലയബിലിറ്റി ഭാഗത്ത് ചേർത്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകകൾ ബാങ്ക്/ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുമായി (ബി 17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | അക്കൗണ്ട് | ബി4 ഷെഡ്യൂൾ | ബി17ഷെഡ്യൂൾ | വ്യത്യാസം |
|---|---|---|---|---|
| 1 | SSA | 1,18,287 | 1,24,407 | 6,120 |
| 2 | TSC (7044) | 1,28,770 | 26,643 | 1,02,127 |

5. തൊഴിൽ നികുതി (സ്ഥാപനങ്ങൾ), ഡി & ഒ ലൈസൻസ് പിരിവ് എന്നിവയുടെ ഡിമാന്റ് കണക്കാക്കിയത് ശരിയായ രീതിയിലല്ല. ഡി.സി.ബി രജിസ്റ്ററുകളിൽ ആകെ ഡിമാന്റ് കണക്കാക്കുമ്പോൾ 2017-18വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷൻ കൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു. ഇങ്ങനെ ചെയ്യാത്തതു കാരണം ഡി.സി.ബി രജിസ്റ്ററുകളിലെ രേഖകളും വാർഷിക ധനകാര്യ പത്രികയിലെ രേഖകളും തമ്മിൽ അന്തരം നിലനിൽക്കുന്നു.

| ഇനം | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | ഡി.സി.ബി രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി (സ്ഥാപനങ്ങൾ) | 618460 | 470460 | 148000 |
| ഡി & ഒ ലൈസൻസ് | 208650 | 136850 | 71800 |

വ്യത്യാസമായി രേഖപ്പെടുത്തിയ തുകകൾ അഡ്വാൻസ് കളക്ഷനായി ഉണ്ടായതാണ്. എന്നാൽ ഈ കാര്യം ഡി.സി.ബി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ I-18ൽ Prior Period Income - Other Income എന്ന

ശീർഷകത്തിൽ 2,08,10,583/- രൂപ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലെ ജേർണൽ എൻട്രികൾ ശരിയായി നടത്താത്തതിനാലാണ് ഇത്രയും വലിയ തുക ഈ ശീർഷകത്തിൽ വന്നു ചേർന്നത്. ഗ്രാമപഞ്ചായത്തിലേക്ക് വരുന്ന അഥവാ ചെലവഴിക്കപ്പെടുന്ന തുകകളുടെ ജേർണൽ എൻട്രികൾ യഥാസമയം നിർവ്വഹിക്കുന്നില്ല.

7. തൻവർഷ കുടിശ്ശികകൾക്ക് ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ I-16 ൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതുണ്ട്. പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ നികുതി നികുതിയേതര വരുമാനങ്ങളുടെ കുടിശ്ശിക ഇനത്തിൽ 363199/- രൂപ ഉണ്ടെങ്കിലും ഇതിനനുസൃതമായുള്ള പ്രൊവിഷൻ തുക രേഖപ്പെടുത്തിയിട്ടില്ല.

8. പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ള 3 മാസത്തിലേറെയായി എൻകാഷ് ചെയ്യാത്ത ചെക്കുകൾ ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in Respect of Stale Cheque)" എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് | ചെക്ക് നം. | ഇഷ്യു തീയ്യതി | തുക |
|---|---|---|---|---|
| 1 | തനതു ഫണ്ട് - 5599 | 1705 | 20.03.2017 | 600 |
| 2 | NREGA - 8681 | 11149 | 06.07.2017 | 5782 |
| 3 | NREGA - 8681 | 010886 | 13.03.2017 | 89 |
| | | | ആകെ | 6471 |

നിലവിൽ "Liability in Respect of Stale Cheque" എന്ന ശീർഷകം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. പഞ്ചായത്തിൽ നിർജീവമായ പല അക്കൗണ്ടുകളും നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | SMGB Literacy Fund - 7042 | 30438 |
| 2 | SMGB Kudumbasree - 7043 | 151321 |
| 3 | SMGB Imprest - 7038 | 3872 |
| 4 | SMGB NOAP - 7039 | 2307 |
| 5 | SMGB NMBS - 7040 | 5010 |

മേൽ സൂചിപ്പിച്ച അക്കൗണ്ടുകളുടെ ബാങ്ക് ബുക്കും, റീ-കൺസീലിയേഷൻ സ്റ്റേറ്റ്മെന്റും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം നിർദ്ദേശിക്കപ്പെട്ട അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ എ.എഫ്.എസിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

11. 2016-17 വർഷത്തെ അക്കൗണ്ട് പരിശോധനയിൽ പരാമർശിച്ച അപാകതകളിൽ ഇനിയും പരിഹരിക്കാൻ അവശേഷിക്കുന്നുണ്ട്.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത ഓഡിറ്റോറിയം -താൽകാലിക കെട്ടിട നമ്പർ നൽകി നികുതി ഈടാക്കുന്നില്ല

BL11/287 3-1 സർവ്വേ നമ്പറിൽ അല്ലിപ്പ്ര മമ്മദ് ഹാജി എന്നയാളുടെ ഉടമസ്ഥതയിലുള്ള എയർപ്പോർട്ട് ഗാർഡൻ കൺവെൻഷൻ സെന്റർ എന്ന ഓഡിറ്റോറിയം പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ച് 23.02.2018 മുതൽ പ്രവർത്തിച്ചു വരുന്ന . ടിയാന്റെ 22.09.17-ലെ നിർമ്മാണ ക്രമവത്കരണത്തിനായുള്ള അപേക്ഷയിൽ (A1-5489/17 നം. അപേക്ഷ) ആകെ തറവിസ്തീർണ്ണം 3326.44 ച.മീറ്ററാണ്. കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| നില | തറവിസ്തീർണ്ണം (ച.മീ.) |
|---|---|
| ബേസ്മെന്റ് I | 1051.17 |
| ബേസ്മെന്റ് II (കാർ - പാർക്കിംഗിനായി) | 934.5 |
| ഭൂനിരപ്പ് നില | 940.86 |
| ഒന്നാം നില | 399.91 |
| ആകെ | 3326.44 |

(എന്നാൽ സൈറ്റ് പരിശോധനയിൽ 3323 ച.മീറ്ററായാണ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.)
ഈ സൈറ്റിൽ നിലവിൽ മൂന്ന് കെട്ടിടങ്ങൾ ഉള്ളതായി സൈറ്റ് പ്ലാനിൽ നിന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് തരം | തറവിസ്തീർണ്ണം (ച.മീ.) |
|---|---|---|
| 1 | സ്റ്റോറേജ് ബിൽഡിംഗ് A | 202.85 (GF) + 202.85 (FF) = 405.7 |
| 2 | സ്റ്റോറേജ് ബിൽഡിംഗ് B | 318.38 (GF) + 318.38 (FF) = 636.76 |
| 3 | ഷോപ്പ് ബിൽഡിംഗ് B | 72.57 (GF) |
| | നിലവിലുള്ള ആകെ തറവിസ്തീർണ്ണം | 1115.03 ച.മീ. |

ഫയൽ പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. . സൈറ്റ് പ്ലാനിനൊപ്പം സമർപ്പിച്ചിട്ടുള്ള ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആധാരം നം. 33823/29.11.13 പ്രകാരം .0405 ഹെക്ടറും ആധാരം നം. 14502/05.10.01 പ്രകാരം .2850 ഹെക്ടറും ആധാരം നം. 6102/02.06.08 പ്രകാരം .0708 ഹെക്ടറും പ്രകാരം ഈ ഭൂമിയുടെ ആകെ വിസ്തീർണ്ണം 3956.34 ചതുരശ്ര മീറ്റർ ആണ്. എന്നാൽ 6102/02.06.08 നമ്പർ ആധാരപ്രകാരമുള്ള ഭൂമിക്ക് മാത്രമാണ് വില്ലേജ് ഓഫീസിൽ നിന്നും കൈവശാവകാശ സർട്ടിഫിക്കറ്റ്(നം. 23201860 തീയ്യതി 13.06.17 ) ഹാജരാക്കിയിട്ടുള്ളത്.

2. FAR കണക്കാക്കുന്നതിനുള്ള ആകെ തറവിസ്തീർണ്ണം സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് 3542.25 ച.മീ. ആണ്. യഥാർത്ഥത്തിൽ താഴെ പറയും പ്രകാരം 3506.97 ച.മീ. ആണ് FAR കണക്കാക്കുന്നതിനുള്ള ആകെ തറവിസ്തീർണ്ണം .

| | | |
|---|---|---|
| 1 | നിലവിലുള്ള Plinth Area | 1115.03 ച.മീ. |
| 2 | ഓഡിറ്റോറിയത്തിന്റെ Plinth Area (ചതുരശ്ര മീറ്ററിൽ) | 3326.44 ച. മീ. |

| | | |
|---|---|---|
| 3 | ബേസ്മെന്റ് കാർ പാർക്കിംഗ് (ഈ വിസ്തീർണ്ണം ഒഴിവാക്കേണ്ടതാണ്) | - 934.5 ച. മീ. |
| | FAR കണക്കാക്കുന്നതിനുള്ള ആകെ തറവിസ്തീർണ്ണം | 3506.97 ച. മീ. |

3. കവറേജ് കണക്കാക്കിയതിൽ അപാകത വന്നു.

കവറേജ് കണക്കാക്കുന്നതിനുള്ള ആകെ വിസ്തീർണ്ണം കണക്കാക്കുന്നതിന് കെട്ടിടത്തിന്റെ ഏതെങ്കിലും നിലയിലെ ഏറ്റവും കൂടിയ വിസ്തീർണ്ണമാണ് എടുക്കേണ്ടത്. താഴെ പറയും പ്രകാരമാണ് കവറേജിനുള്ള ആകെ വിസ്തീർണ്ണം കണക്കാക്കേണ്ടിയിരുന്നത്.

| ക്രമ നം. | കെട്ടിടം | തറവിസ്തീർണ്ണം |
|---|---|---|
| 1 | സ്റ്റോറേജ് ബിൽഡിംഗ് A | 202.85 ച. മീ. |
| 2 | സ്റ്റോറേജ് ബിൽഡിംഗ് B | 318.38 ച. മീ. |
| 3 | ഷോപ്പ് ബിൽഡിംഗ് B | 72.57 ച. മീ. |
| 4 | ഓഡിറ്റോറിയത്തിലെ ഏറ്റവും വലിയ നില | 1051.17 ച. മീ. |
| | കവറേജ് കണക്കാക്കുന്നതിനുള്ള ആകെ വിസ്തീർണ്ണം | 1644.97 ച.മീ. |

എന്നാൽ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് തറവിസ്തീർണ്ണം 1534.66 ച.മീ. എന്നും. കവറേജ് 38.8 എന്നുമാണ്.

കെട്ടിടങ്ങളുടെ യഥാർഥ കവറേജ് = കവറേജ് കണക്കാക്കാനുള്ള ആകെ തറവിസ്തീർണ്ണം/പ്ലോട്ട് വിസ്തീർണ്ണം= 1644.97/3956.34 = 41.57 %

കെട്ടിടങ്ങളുടെ കവറേജ് അനുവദനീയമായ 40 ശതമാനത്തിൽ *( 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 35-ഉം അനുബന്ധമായിട്ടുള്ള പട്ടിക 2-ഉം പ്രകാരം കൈവശഗണം D-യിൽ ഉൾപ്പെടുന്ന കെട്ടിടം)* നിന്നും അധികരിക്കുന്നുണ്ട്. ആയതിനാൽ ഈ സൈറ്റ് പ്ലാൻ പ്രകാരമുള്ള കെട്ടിട നിർമ്മാണം ചട്ടവിരുദ്ധമാണ്.

4. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 57(1) പ്രകാരം സമ്മേളന വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന, തറവിസ്തീർണ്ണം 1500 ച.മീറ്ററിൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് ജില്ലാ ടൗൺ പ്ലാനറിൽ നിന്ന് അനുമതി നേടേണ്ടതാണ്. ഇതു സംബന്ധിച്ച് ജില്ലാ ടൗൺ പ്ലാനറുമായി പഞ്ചായത്ത് കത്തിടപാടുകൾ (01.12.17, 04.07.18, 27.09.18 എന്നീ തീയ്യതികളിലെ എ1/5489/17 നമ്പറിലെ, സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർക്ക് അയച്ച കത്തുകളും അവക്കുള്ള മറുപടിയും) നടത്തിയിട്ടുണ്ടെങ്കിലും, നടപടികൾ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഈ കത്തുകളിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന പ്ലാനുകളിലൊന്നും മേൽ സൂചിപ്പിച്ച ക്രമ നമ്പർ 1, 3 അപാകതകൾ പരാമർശിക്കപ്പെട്ടിട്ടില്ല.

5. ചട്ടം 57(8) പ്രകാരം സമ്മേളന (D) ഗണത്തിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക്, അവയ്ക്ക് എത്ര നിലകൾ ഉണ്ടായാൽ തന്നെയും അഗ്നിശമനാ ഡയറക്ടറേറ്റിൽ നിന്നും ഫയർ N O C നേടേണ്ടതാണ്. ഫയൽ പരിശോധനയിൽ 01.12.17-ലെ എ1/5489/17 നം. കത്ത് പ്രകാരം സെക്രട്ടറി ഫയർ & റെസ്ക്യൂ സ്റ്റേഷൻ ഓഫീസർക്ക് ഇതു സംബന്ധിച്ച് കത്തയച്ചിട്ടുണ്ടെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

6. ഈ പ്ലോട്ട് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വളരെ അടുത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഈ സാഹചര്യത്തിൽ നിർമ്മാണങ്ങൾക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയം പുറത്തിറക്കിയ 30.09.2015 തീയ്യതിയിലെ GSR 751(E) ചട്ടങ്ങൾ പ്രകാരം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും N.O.C നേടേണ്ടതുണ്ട്. ഈ കാര്യം ഫയലുകളിലൊന്നും പ്രതിപാദിച്ചതായി കാണുന്നില്ല.

7. കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിന്റെ തലക്കെട്ട് Revised Plan 317/2015-16 Dt. 01.12.15 എന്നാണ്.

2015-16-ലെ ബിൽഡിംഗ് പെർമിറ്റ് പരിശോധനയിൽ ഇതേ നമ്പറിലുള്ള അപേക്ഷയിൽ 1945 ച.മീറ്റർ ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും വളരെ അധികം വ്യതിചലിച്ചാണ് ഈ പ്ലോട്ടിൽ ഓഡിറ്റോറിയവും, സ്റ്റോറേജ് തരത്തിലുമുള്ള കെട്ടിടങ്ങൾ പണിതിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വേർ പ്രകാരം, ഈ പ്ലോട്ടിൽ 9/397B മുതൽ 397H വരെ നമ്പർ ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളാണ് കാണുന്നതും അവയുടെ ആകെ തറ വിസ്തീർണ്ണം 169.68 ച.മീറ്റർ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ അവസ്ഥയിൽ ഈ പ്ലോട്ടിലെ നിർമ്മാണങ്ങളെല്ലാം തന്നെ അനധികൃതമാണ്.

8. നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടത്തിന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം, നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ" നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ് (യഥാർഥ വസ്തുനികുതിയുടെ മൂന്നിരട്ടി). എന്നാൽ ഇങ്ങനെ ചെയ്യുന്നത് കൊണ്ട് നിയമാനുസൃതമല്ലാത്ത നിർമ്മാണം ക്രമവത്കരിക്കപ്പെട്ടതായി കണക്കാവുന്നതല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, 235 എഎ വകുപ്പ് പ്രകാരം കെട്ടിടം പൊളിച്ചു മാറ്റുന്നതു വരെ ഉടമസ്ഥൻ ഇപ്രകാരമുള്ള വസ്തു നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്.

മേൽ സൂചിപ്പിച്ച ഓഡിറ്റോറിയവും അനുബന്ധ കെട്ടിടങ്ങളും ക്രവൽക്കരിക്കുന്നതു വരെ നിയമാനുസൃതമല്ലാത്തതായി കണക്കാക്കേണ്ടതാണ്. ആയതിനാൽ ടി കെട്ടിടങ്ങൾ അവയുടെ പ്രവർത്തനം തുടങ്ങിയ തീയ്യതി മുതൽ (ഓഡിറ്റോറിയത്തിന്റെ കാര്യത്തിൽ 23.02.2018 മുതൽ) അവയെ ക്രമവൽക്കരിക്കുകയോ പൊളിച്ചു കളയുകയോ ചെയ്യുന്നത് വരെ അവയുടെ ഉടമസ്ഥനിൽ നിന്നും കൂടിയ വസ്തു നികുതി ഈടാക്കേണ്ടതാണ്.

വസ്തു നികുതി നിർണ്ണയം *(2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടങ്ങൾ 5, 6 പ്രകാരം)*

| കെട്ടിടത്തിന്റെ തരം | വസ്തു നികുതി ഈടാക്കാവുന്ന തറവിസ്തീർണ്ണം (ച.മീ.) | വസ്തു നികുതി നിരക്ക് ച.മീറ്ററിന് (ബൈലോ പ്രകാരം) | അടിസ്ഥാന വസ്തു നികുതി | ഇളവുകൾ/ വർദ്ധനകളുടെ തോത് | വർദ്ധനവ് | ആകെ വസ്തു നികുതി |
|---|---|---|---|---|---|---|
| ഓഡിറ്റോറിയം | 3326.44 – 934.5 = 2391.94 (ബേസ്മെന്റ്കാർ പാർക്കിംഗ് ഒഴിവാക്കാ വുന്നതാണ്) | 30 | 2391.94 X 30 = 71758.2 | – 10 (ദ്വിതീയ മേഖല) + 20 (5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) + 10 (കേന്ദ്രീകൃത എയർ കണ്ടീഷൻ)= 20 % | 14351.64 | 86109.84 |
| സ്റ്റോറേജ് കെട്ടിടങ്ങൾ (കെട്ടിടം A + കെട്ടിടം B) | 1042.46 | 50 | 1042.46 X 50 = 52,123 | – 10 (ദ്വിതീയ മേഖല) + 20 (5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) = 10 | 5212.3 | 57,335.3 |
| ഷോപ്പ് കെട്ടിടം (വാണിജ്യം) | 72.57 | 30 | 72.57 X 30 = 2177.1 | – 10 (ദ്വിതീയ മേഖല) + 20 (5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) = 10 | 217.71 | 2394.81 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ വസ്തു നികുതി | 145839.95 |

നിയമാനുസൃതമല്ലാത്ത നിർമ്മാണങ്ങൾക്കുള്ള വസ്തു നികുതി *(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, 235 എഎ വകുപ്പ് പ്രകാരം)* = 145839.95 X 3 = 4,37,519.85
മേൽ സൂചിപ്പിച്ച തുക നിർമ്മാണം ക്രമവൽക്കരിക്കുകയോ, പൊളിച്ചു കളയുകയോ ചെയ്യുന്നതുവരെ കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച അന്വേഷണം നം. 14-ന് മറുപടി ലഭിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി വരവ് - അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ്, കസ്റ്റംസ് ബാഗേജ് സെന്റർ കരിപ്പൂർ, എയർ കസ്റ്റംസ് കരിപ്പൂർ എന്നീ സ്ഥാപനങ്ങളിൽ നിന്ന് 2017-18 രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ, ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. 2017-18 ഒന്നാം അർദ്ധ വർഷത്തിൽ മേൽ സ്ഥാപനത്തിൽ നിന്ന് യഥാക്രമം 17500, 23750 രൂപ തൊഴിൽ നികുതി ലഭ്യമായിട്ടുണ്ട്.

2. എയർ ഇന്ത്യ, കാലിക്കറ്റ് എയർപോർട്ട് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2017-18 ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി റിട്ടേണിൽ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ വരുമാനത്തിന് അനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (റസീറ്റ് നമ്പർ/തിയ്യതി 117040500049/25-10-2017)

| ജീവനക്കാരന്റെ പേര് തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| അഭിൻ പി അനിലൻ, ക്യാബിൻ ക്രൂ | 52500 | 450 | 300 | 150 |
| ജിഷ്ണു. പി, ക്യാബിൻ ക്രൂ | 52500 | 450 | 300 | 150 |
| ദീപ്തി മരിയ ജോർജ്, ക്യാബിൻ ക്രൂ | 52500 | 450 | 300 | 150 |
| ആന്റണി ആൻഡ്രൂസ്, ക്യാബിൻ ക്രൂ | 52500 | 450 | 300 | 150 |
| രേവതി എസ് കല, ക്യാബിൻ ക്രൂ | 52500 | 450 | 300 | 150 |
| ഗോപിക രവീന്ദ്രൻ, ക്യാബിൻ ക്രൂ | 52500 | 450 | 300 | 150 |
| കെ.എം. ജോസഫ്, സീനിയർ അസിസ്റ്റന്റ് വർക്ഷോപ്പ് | 46552 | 450 | 300 | 150 |
| ആകെ | | | | 1050 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/31-10-2018) സെക്രട്ടറി നൽകിയ മറുപടിയിൽ തൊഴിൽ നികുതിയിൽ കുറവ് വന്ന തുക അടവാക്കുന്നതിനും, അടവാക്കാത്ത സ്ഥാപനത്തിൽ നിന്ന് ആയത് ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, തുക അടവാക്കുന്ന മുറക്ക് വിവരം ലഭ്യമാക്കുന്നതാണ് എന്നുമറിയിച്ചു.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ 49 പ്രൊജക്ടുകൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 കെട്ടിട വാടക - അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ, 1994 പ്രകാരം കെട്ടിടങ്ങൾ വാടകക്ക് കൊടുക്കുന്നതിന്റെ വിവിധ നിബന്ധനകളും, നിരക്കുകളും ഉൾപ്പെടുന്ന ഒരു ബൈലോ പഞ്ചായത്ത് ഉണ്ടാക്കേണ്ടതുണ്ട്. എന്നാൽ ഇങ്ങനെ ഒരു ബൈലോ ഗ്രാമപഞ്ചായത്ത് ഉണ്ടാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ കാലാവധി 06.09.2016 അവസാനിക്കുകയും വാടകക്കരാർ 07.09.2016 മുതലുള്ള മുൻകാല പ്രാബല്യത്തിൽ പുതുക്കി വാടക 10 ശതമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു (26.02.2018-ലെ 1-ാം നം. തീരുമാനം). എന്നാൽ ഇതു സംബന്ധിച്ചുള്ള ഒരു എഗ്രിമെന്റ് പഞ്ചായത്ത് സപ്ലൈക്കോയുമായി നാളിതുവരെ ഉണ്ടാക്കിയിട്ടില്ല. സപ്ലൈക്കോ പഴയ നിരക്ക് തന്നെയാണ് വാടകയായി അടച്ചു വരുന്നതും. മാത്രമല്ല, 01.07.17 മുതൽ വാടകക്ക് മേൽ ചുമത്തേണ്ട 18 ശതമാനം ജി.എസ്.ടി-യും പഞ്ചായത്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| മാസം | അടച്ച തുക | പുതുക്കിയ വാടക (10 % വർദ്ധനവ്) | കുടിശ്ശിക | ജി.എസ്.ടി (01.07.17 മുതൽ പ്രാബല്യത്തിൽ) | അടവാക്കാനുള്ള തുക |
|---|---|---|---|---|---|
| 09/16 | 1990 | 2189 | 199 | | 199 |
| 10/16 | 1990 | 2189 | 199 | | 199 |
| 11/16 | 1990 | 2189 | 199 | | 199 |
| 12/16 | 1990 | 2189 | 199 | | 199 |
| 01/17 | 1990 | 2189 | 199 | | 199 |
| 02/18 | 1990 | 2189 | 199 | | 199 |
| 03/17 | 1990 | 2189 | 199 | | 199 |
| 04/17 | 1990 | 2189 | 199 | | 199 |
| 05/17 | 1990 | 2189 | 199 | | 199 |
| 06/17 | 1990 | 2189 | 199 | | 199 |
| 07/17 | 1990 | 2189 | 199 | 394 | 593 |
| 08/17 | 1990 | 2189 | 199 | 394 | 593 |

| | | | | | |
|---|---|---|---|---|---|
| 09/17 | 1990 | 2189 | 199 | 394 | 593 |
| 10/17 | 1990 | 2189 | 199 | 394 | 593 |
| 11/17 | 1990 | 2189 | 199 | 394 | 593 |
| 12/17 | 1990 | 2189 | 199 | 394 | 593 |
| 01/18 | 1990 | 2189 | 199 | 394 | 593 |
| 02/18 | 1990 | 2189 | 199 | 394 | 593 |
| 03/18 | 1990 | 2189 | 199 | 394 | 593 |
| | | | ആകെ കുടിശ്ശിക | | 7327 |

3. മേൽപ്പറഞ്ഞത് കൂടാതെ, പഞ്ചായത്ത് കെട്ടിടത്തിൽ വാടകയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാടകയോടൊപ്പം, 01.07.17 മുതൽ പ്രാബല്യത്തിലുള്ള ജി.എസ്.ടി നിരക്ക് കൂടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| സ്ഥാപനം | വാടക നിരക്ക് | ജി.എസ്.ടി (18%) | 2017-18 വർഷത്തേക്കുള്ള ആകെ കുടിശ്ശിക (07/17 മുതൽ 03/18 വരെ 9 മാസത്തേക്ക്) |
|---|---|---|---|
| ആരോഗ്യ നൂട്രിമിക്സ് | 2000 | 360 | 360 X 9 = 3240 |
| അമ്മു ഹോട്ടൽ | 750 | 135 | 135 X 9 = 1215 |
| | | ആകെകുടിശ്ശിക | 4455 |

4. പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ്-ഓഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല. പൊതുജനങ്ങൾ ആശ്രയിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കുകയും അതേ തരത്തിൽ വരുന്ന ഒരു സ്ഥാപനമായ പോസ്റ്റ് ഓഫീസിനെ വാടകയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാം എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 4-നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു.

## 2-5 ഗ്രാമപഞ്ചായത്ത് പരിധിയിലെ അനധികൃത നിർമ്മാണങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഗ്രാമ പഞ്ചായത്തിലെ പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളായ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലേയും, ഇ.എം.ഇ.എ കോളേജിലെയും നിർമ്മാണങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെയും, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സമർപ്പിക്കേണ്ട രേഖകൾ നൽകാതെയും നടത്തുന്നതാണ്. ഈ പ്രദേശങ്ങളിലെ നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് നിയന്ത്രണം ഉണ്ടാവേണ്ടതാണ്.

1.കാലിക്കറ്റ് യൂണിവേഴ്സിറ്റി

കാലിക്കറ്റ് യൂണിവേഴ്സിറ്റി വലിയൊരു ഭാഗം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ

വരുന്നതാണ്. കാലിക്കറ്റ് സർവ്വകലാശാലയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന നമ്പർ ഇല്ലാത്ത അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ തരം | ആകെ നില | ആകെ വിസ്തീർണ്ണം |
|---|---|---|---|
| 1 | ടാഗോർ നികേതൻ | 2 | 3085.20 |
| 2 | എ.എസ്.സി. ഗസ്റ്റ് ഹൌസ് | 1 | 584.71 |
| 3 | വുമൺസ് റിക്രിയേഷൻ | 1 | 432.00 |
| 4 | മസ്റ്റർ റൂം | 1 | 54.50 |
| 5 | പരീക്ഷ ഭവൻ അനക്സ് | 3 | 1135.05 |
| 6 | പരീക്ഷ ഭവൻ പഴയ കെട്ടിടം | 4 | 3876.52 |
| 7 | പരീക്ഷ ഭവൻ ബി.എ. കെട്ടിടം | 1 | 664.80 |
| 8 | നാനോ സയൻസ് & ടെക്നോളജി | 1 | 590.00 |
| 9 | കൊമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ് | 2 | 2519.55 |
| 10 | സി.സി.എസ്.എസ്. | 1 | 254.32 |
| 11 | ബി.പി.ഇ. മെൻസ് ഹോസ്റ്റൽ | 1 | 944.24 |
| 12 | ഫോറിൻ സ്റ്റുഡൻസ് ഹോസ്റ്റൽ | 1 | 480 |
| 13 | ഹെൽത്ത് സെന്റർ പഴയ കെട്ടിടം | 1 | 454.21 |
| 14 | ഹെൽത്ത് സെന്റർ പുതിയ കെട്ടിടം | 1 | 222.64 |
| 15 | ഹെൽത്ത് സയൻസ് എം.എസ്.സി. ബിൽഡിംഗ് | 1 | 1763.00 |
| 16 | പോലീസ് സ്റ്റേഷൻ | 1 | 280.00 |
| 17 | പോലീസ് സ്റ്റേഷൻ ക്വാർട്ടേഴ്സ് | 1 | 770.00 |
| 18 | പോസ്റ്റ് ഓഫീസ് | 1 | 135.31 |
| 19 | പോസ്റ്റ് ഓഫീസ് ക്വാർട്ടേഴ്സ് | 1 | 185.00 |
| 20 | എസ്.ബി.ഐ ബാങ്ക് കെട്ടിടം | 1 | 316.50 |

| | | | |
|---|---|---|---|
| 21 | വനിത ഹോസ്റ്റൽ അനക്സ് & എക്സ്റ്റൻഷൻ | 3 | 9346.00 |
| 22 | ഫിസിക്കൽ എഡ്യുക്കേഷൻ പവലിയൻ | 1 | 780.00 |
| 23 | സി.പി.ഇ. ക്ലാസ്സ് റൂം ബ്ലോക്ക് | 2 | 621.00 |
| 24 | ജിംനേഷ്യം | 1 | 1442.00 |
| 25 | ഇൻഡോർ സ്റ്റേഡിയം | 1 | 1570.00 |
| 26 | ഇസ്ലാമിക് ചെയർ | 2 | 690.00 |
| 27 | സ്റ്റേഡിയം പമ്പ് ഹൌസ് | 1 | 150.00 |
| 28 | ഇന്റർനാഷണൽ ഹോസ്റ്റൽ | 1 | 627.00 |
| 29 | വിദൂര വിദ്യാഭ്യാസ കെട്ടിടം (പുതിയത്) | 3 | 2059.00 |
| 30 | ഹെൽത്ത് സെന്റർ പുതിയ കെട്ടിടം | 1 | 223 |

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 9 പ്രകാരം സർക്കാരിന്റെ നിർമ്മാണപ്രവർത്തനങ്ങളെ മാത്രമേ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. സർവ്വകലാശാലകൾ ഈ ചട്ടങ്ങളുടെ പരിധിയിൽ വരുന്നവയും അവിടെയുള്ള നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകുന്നതോടൊപ്പം തന്നെ നിർണ്ണയിക്കപ്പെട്ട പെർമിറ്റ് ഫീ കൂടി ഈടാക്കേണ്ടതാണ്.

2. ഇ.എം.ഇ.എ കോളേജ്

ഇ.എം.ഇ.എ കോളേജിലെ നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (കോളേജ് പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കിയ 04.06.18-ലെ G2-309/18-19 നം. കത്ത് പ്രകാരം)

| ക്രമ നം. | കെട്ടിടത്തിന്റെ പേര് | കെട്ടിട നം. | തറവിസ്തീർണ്ണം |
|---|---|---|---|
| 1 | പഴയ ബ്ലോക്ക് | 7/593 | ആകെ 2500 ച.മീ. |
| 2 | പുതിയ ബ്ലോക്ക് - ഭൂനിരപ്പ് നില | 7/595 | ലഭ്യമല്ല |
| 3 | പുതിയ ബ്ലോക്ക് - ഒന്നാം നില | 7/596 | ലഭ്യമല്ല |
| 4 | പുതിയ ബ്ലോക്ക് - രണ്ടാം നില | 7/597 | ലഭ്യമല്ല |
| 5 | പുതിയ ബ്ലോക്ക് - മൂന്നാം നില | 7/598 | ലഭ്യമല്ല |
| 6 | ലേഡീസ് ഹോസ്റ്റൽ | 7/599 | ലഭ്യമല്ല |
| 7 | സ്പോർട്സ് ഹോസ്റ്റൽ | 7/600 | ലഭ്യമല്ല |
| 8 | ലേഡീസ് റിട്ടയറിംഗ് റൂം | 7601 | ലഭ്യമല്ല |

| | | | |
|---|---|---|---|
| 9 | കൊമ്മേഴ്സ് ബ്ലോക്ക് | 7/600A, 7/600B | ലഭ്യമല്ല |
| 10 | കാന്റീൻ | 7/599A | ലഭ്യമല്ല |

മേൽ സൂചിപ്പിച്ച നിർമ്മാണങ്ങളെല്ലാം തന്നെ പെർമിറ്റ് എടുക്കാതെ നടത്തിയിട്ടുള്ളതാണ്. ഈ നിർമ്മാണങ്ങളെയെല്ലാം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരേണ്ടതാണ്. കോളേജിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുകയും അതിൽ വിദ്യാഭ്യാസ ആവശ്യത്തിനല്ലാത്ത കെട്ടിടങ്ങളിൽ നിന്നും അവയുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ

2017-18 വർഷത്തിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. ഭൂരിപക്ഷം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം ആരംഭിച്ച് പിന്നീട് ക്രമവൽക്കരിക്കപ്പെടുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ആ നിലക്ക് മേൽ പ്രവൃത്തി ചട്ടലംഘനമായി കണക്കാക്കേണ്ടതാണ്. എന്നാൽ തൻവർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതി കൂടാതെ നിർമ്മാണം പൂർത്തീകരിച്ച ശേഷം പിന്നീട് ക്രമ വൽക്കരണം നടത്തുകയാണ് ചെയ്തു വരുന്നത് എന്ന് കണ്ടു. താഴെ പറയുന്ന വിശദാംശങ്ങളിൽ നിന്നും ഇക്കാര്യം വ്യക്തമാണ്.

| | |
|---|---|
| തൻ വർഷത്തെ ആകെ അപേക്ഷകൾ | 505 |
| പെർമിറ്റ് നൽകിയത് | 219 |
| ക്രമവൽക്കരിച്ചത് | 235 |
| നിരസിച്ചത് | 5 |
| തീർപ്പാക്കാത്തത് | 46 |

2. അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നു

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം തീർപ്പാക്കാത്ത അപേക്ഷകൾ 46 എണ്ണമുണ്ട്. ഇതിൽ 12 അപേക്ഷകളിൻമേൽ പഞ്ചായത്ത് തുടർനടപടികൾ എടുക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 2017-18 പെർമിറ്റ് രജി. ക്രമ നം. | അപേക്ഷ നം. | തീയ്യതി |
|---|---|---|
| 13 | A1 2664/17 | 07.04.17 |
| 26 | A1 2750/17 | 18.04.17 |
| 44 | A1 2953/17 | 28.04.17 |

| | | |
|---|---|---|
| 59 | A1 3036/17 | 02.05.17 |
| 74 | A1 3202/17 | 12.05.17 |
| 103 | A1 3531/17 | 30.05.17 |
| 128 | A1 3792/17 | 16.06.17 |
| 168 | A1 4231/17 | 14.07.17 |
| 250 | A1 5493/17 | 22.09.17 |
| 275 | A1 5903/17 | 10.10.17 |
| 288 | A1 6099/17 | 24.10.17 |
| 490 | A1 939/18 | 07.02.18 |

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 16 പ്രകാരം പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സെക്രട്ടറി നടപടിയെടുക്കേണ്ടതാണ്. നടപടിയുണ്ടായിട്ടില്ലെങ്കിൽ അപേക്ഷകന് ഗ്രാമപഞ്ചായത്തിനോട് ലിഖിതമായി അഭ്യർത്ഥിക്കാവുന്നതും ആ അപേക്ഷയിൻമേൽ 15 ദിവസത്തിനുള്ളിൽ പഞ്ചായത്ത് തീരുമാനമെടുക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 3-നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ വിതരണം- 8 കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല

പ്രൊജക്ട് നം. : S0076/17-18

ട്രഷറി ബിൽ നം. 03 തീയ്യതി 12.02.2018

തുക : 6,69,900/-

മേൽ പറഞ്ഞ പദ്ധതിക്കു കീഴിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വയോജനങ്ങൾക്ക് വിതരണം ചെയ്യുവാനായി കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് 155 കട്ടിലുകൾ വാങ്ങിയിരുന്നു (ഇൻവോയ്സ് നം. CLTBC162 തീയ്യതി 31-01-2018, തുക 674,250/-). ഇതിൽ 154 കട്ടിലുകൾക്കേ (ഒരു യൂണിറ്റിന് 4350/- എന്ന നിരക്കിൽ 6,69,900/- രൂപ) ഈ സ്ഥാപനം തുക ഈടാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. 7കട്ടിലുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല
താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല.

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|

| | | |
|---|---|---|
| 1 | വേലായുധൻ വൈദ്യർ, കിളിനാട് | 4 |
| 2 | ലക്ഷ്മി പി, പടിക്കലക്കണ്ടി | 5 |
| 3 | ചെള്ളി, ചെമ്പട്ട | 8 |
| 4 | വേലായുധൻ, മങ്ങുങ്ങൽകണ്ടി | 16 |
| 5 | വിശാലാക്ഷി, അച്ചൻതൊടി | 16 |
| 6 | കുമ്മിണി, കുറുങ്ങോട്ട്പറമ്പ് | 17 |
| 7 | ചെറായി അപ്പുട്ടി, പുളിശ്ശേരിക്കുണ്ട് | 20 |

1.11.18-ന് പഞ്ചായത്തിലെ അസി.സെക്രട്ടറി, ശ്രീ. റോയ് കെ മാത്യു, അക്കൗണ്ടന്റ് ശ്രീ. പ്രവീൺ സി, എന്നവരുടെ സാന്നിധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ ലൈബ്രറി കെട്ടിടത്തിനു താഴെ സൗജന്യമായി ലഭിച്ചത് ഉൾപ്പെടെ 8കട്ടിലുകൾ വിതരണം ചെയ്യാതെ ഈർപ്പവും പൂപ്പലും ആയി കിടക്കുന്നതായി കണ്ടു.

2. ആകെ ഗുണഭോക്താക്കൾ 154 ഉള്ളിടത്ത് 155 കട്ടിലുകൾക്കുള്ള സപ്ലൈ ഓർഡർ നൽകാനുള്ളതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ 7x4350 = 30450 രൂപ തടസ്സം ചെയ്യുന്നു.

## 3-2 പത്താം തരത്തിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ - രണ്ട് സൈക്കിളുകൾ വിതരണം ചെയ്തില്ല

പ്രൊജക്ട് നം. : S0046/17-18

ട്രഷറി ബിൽ നം. 08 തീയ്യതി 23.03.2018

തുക : 293739/-

മേൽ പദ്ധതിക്കു കീഴിൽ പഞ്ചായത്ത് പരിധിയിൽ താമസിക്കുകയും സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പത്താം തരത്തിൽ പഠിക്കുകയും ചെയ്യുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിനായി എം.എസ് സൈക്കിൾസ്, മഞ്ചേരി എന്ന സ്ഥാപനത്തെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുകയും ആൺകുട്ടികൾക്ക് 42-ഉം പെൺകുട്ടികൾക്ക് 33-ഉം ആയി ആകെ 75 സൈക്കിളുകൾ വാങ്ങുകയും ചെയ്തിരുന്നു(ഇൻവോയ്സ് നം. T33 തീയ്യതി 19.03.2018, തുക 293739/- ).

എന്നാൽ ഇതിൽ രണ്ടു സൈക്കിളുകൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു.

| ക്രമ നം. | പേര് | വിലാസം | സൈക്കിളിന്റെ വില |
|---|---|---|---|
| 1 | ഷിബില പി | D/o രാജൻ, പേവുങ്ങൽ, ചേലേമ്പ്ര | 3977/- |
| 2 | സരുൺ വി.കെ | S/o വേലായുധൻ, പാലക്കാപ്പറമ്പ്, പുത്തൂർപള്ളിക്കൽ | 3869/- |

1.11.18-ന് പഞ്ചായത്തിലെ അസി.സെക്രട്ടറി, ശ്രീ. റോയ് കെ മാത്യു, അക്കൗണ്ടന്റ് ശ്രീ. പ്രവീൺ സി, എന്നവരുടെ സാന്നിധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ ലൈബ്രറി കെട്ടിടത്തിനു കീഴിൽ ഒരു സൈക്കിൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. ഇതു കൂടാതെ V P K M ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു സൈക്കിൾ കൂടി വിതരണം ചെയ്യാതെ ഇരിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 18-ന് മറുപടി ലഭിച്ചിട്ടില്ല. അപാകത പരിഹരിക്കുന്നതുവരെ 3977 + 3869 = 7846 രൂപ തടസ്സം ചെയ്യുന്നു.

## 3-3 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ പ്രവൃത്തികൾക്കായി താഴെ പറയുന്ന ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം, ചെലവഴിച്ച തുക (രൂപ) | നിർവ്വഹിക്കേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ | | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | നം.252/18<br>വിവിധ SC കോളനികളിൽ കുഴൽ കിണർ കുഴിക്കൽ<br>അടങ്കൽ : 140600/- z പ്ലാൻ (SCP)<br>ചെലവ് :122590/-<br>ബിൽനം. 23/19.3.18 | ഗ്രൗണ്ട് വാട്ടർ വകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ ജി.എം./2128/17 dt. 15.2.18 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കുഴൽകിണറുകൾ കുഴിക്കുന്നതിന് തുക അടവാക്കി. | | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| | | 1.കുട്ടക്കല്ലുങ്ങൽ<br>2.കാരാട്ട് പുറായ്<br>3.കല്ലുതൊടി | 42890.00<br>42890.00<br>36810.00<br>122590.00 | |
| 2 | നം.255/18<br>ഏഴാം വാർഡിൽ കുഴൽ കിണർ കുഴിക്കൽ<br>അടങ്കൽ : 225000/- z പ്ലാൻ (CFC)<br>ചെലവ് :207020/-<br>ബിൽനം. 22/19.3.18 | താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിനായി മേൽപ്പറഞ്ഞ നമ്പർ തീയ്യതി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, ഭൂഗർഭ ജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ അടവാക്ക | | 207020.00 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം. |
| | | 1.കുർക്കം പറമ്പ്<br>2. തൊട്ടിയിൽ സ്കൂൾ<br>3.തെക്കുംപുറം<br>4.കക്കാട്ടു ഭാഗം<br>5.കയ്യും പിലാക്കിൽ | 48050.00<br>43750.00<br>35950.00<br>39880.00<br>39390.00<br>207020.0 | |
| 3 | നം.209/18<br>വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കൽ<br>അടങ്കൽ : | താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി മേൽപ്പറഞ്ഞ നമ്പർ തീയ്യതി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, ഭൂഗർഭ ജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ അടവാക്കിയ തുകകൾ | | 423630.00 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം. |

| | | | | |
|---|---|---|---|---|
| | 423630/- പ്ലാൻ (CFC)<br>ചെലവ് :423630/-<br>ബിൽനം. 21/19.3.18 | 1.ചെനക്കൽ<br>2. വടക്കെ ബസാർ<br>3.മൊടക്കയിൽ<br>4.ജവാൻസ് നഗർ<br>5.ചാലൊടി<br>6.ആരക്കോട്<br>7.കൊളങ്ങോട്<br>8.പിലാത്തോട്ടം<br>9.തെക്കെതൊടി<br>10.കുട്ടാലുങ്ങൽ<br>11.തെക്കും പുറം | 35090.00<br>31800.00<br>42030.00<br>37240.00<br>41600.00<br>35520.00<br>38590.00<br>41100.00<br>33740.00<br>40740.00<br>39880.00<br>423630.00 | |
| 4 | നം.04/18<br>ആയുർവ്വേദ മരുന്ന് വാങ്ങൽ<br>അടങ്കൽ : 400000/- പ്ലാൻ MG(NR)<br>ചെലവ് :400000/-<br>ബിൽനം. 21/19.3.18 | പ്രൊഫോർമ ഇൻവോയ്സ് നമ്പർ 32114/8.10.17 പ്രകാരം ആയുർവ്വേദ മരുന്ന് ലഭ്യമാക്കുന്നതിന് ഔഷധിക്ക് നൽകിയത്. | | 397201/- രൂപയുടെ മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി. അവശേഷിക്കുന്ന 2799/- രൂപയുടെ രേഖകൾ ഹാജരാക്കണം. |
| 5 | നം.07/18<br>IAY വിഹിതം അടയ്ക്കൽ.<br>അടങ്കൽ : 200000/- പ്ലാൻ<br>ചെലവ് :200000/-<br>ബിൽനം. 05/11.8.17 | പഞ്ചായത്തിന്റെ IAY വിഹിതം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയത്. | | 200000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം. |
| 6 | നം.79/18<br>IAY വിഹിതം അടയ്ക്കൽ. | പഞ്ചായത്തിന്റെ IAY വിഹിതം ഇനത്തൽ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയത്. | | 20000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം. |

| | | | |
|---|---|---|---|
| | അടങ്കൽ : 20000/- പ്ലാൻ<br>ചെലവ് :20000/-<br>ബിൽനം. 07/11.8.17 | | |
| 7 | നം.09/18<br>IKM വിഹിതംഅടയ്ക്കൽ.<br>അടങ്കൽ : 88958/- പ്ലാൻ<br>ചെലവ് :88958/-<br>ബിൽനം. 08/11.8.17 | പഞ്ചായത്തിന്റെ IKM വിഹിതം അടവാക്കിയത്. | 88958/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം |
| | | ആകെ | 1064997.00 |

രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 1064997/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി പിൻവലിച്ചു - കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല

ജി.ഒ (പി)നം.72/2016/ഫിൻ തീയ്യതി.20.1.2016 നമ്പർ ഉത്തരവ് പ്രകാരം 1.7.2014 പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ചതിനെ തുടർന്ന് ജീവനക്കാർക്ക് അർഹമായ 1.7.2014 മുതൽ 1.1.2016 വരെയുള്ള ശമ്പള കുടിശ്ശിക നാല് ഗഡുക്കളായി, 01.04.2017, 01.10.2017, 01.04.2018 , 01.10.2018 തീയ്യതികളിൽ, പണമായി ജീവനക്കാർക്ക് നൽകുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ പറഞ്ഞിരുന്നു. എന്നാൽ 01.04.2017, 01.10.2017 തീയ്യതികളിൽ പണമായി ശമ്പള പരിഷ്കരണ കുടിശ്ശിക പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയത് ജി.പി.എഫിൽ തിരിച്ചടയ്ക്കണമെന്ന് യഥാക്രമം ജി.ഒ (പി)നം.45/2017/ഫിൻ തീയ്യതി.09.04.2017, ജി.ഒ (പി)നം.128/2017/ഫിൻ തീയ്യതി.06.10.2017 നമ്പർ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നു. 31.10.2017നുള്ളിൽ ജി.ഒ (പി)നം.128/2017/ഫിൻ തീയ്യതി.06.10.2017 നമ്പർ ഉത്തരവിലെ നിർദ്ദേശം പാലിക്കാത്ത ജീവനക്കാരിൽ നിന്നും തുക തിരിച്ചടയ്ക്കുന്ന കാലയളവു വരെ 12% പിഴപ്പലിശ ഈടാക്കാനും നിർദ്ദേശമുണ്ടായിരുന്നു.

ശമ്പള പരിഷ്കരണ കുടിശ്ശികക്ക് അർഹരായ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ഒന്നും രണ്ടും ഗഡു കുടിശ്ശിക നൽകിയതിന്റെ വിവരം താഴെ പറയുന്നു.

<u>ഒന്നാം ഘഡു</u>

വൗച്ചർ നമ്പർ.21700010/03.4.2017 249548.00 രൂപ പണമായി നൽകി

<u>രണ്ടാം ഘഡു</u>

വൗച്ചർ നമ്പർ.21700445/6.10.2017 218305.00 രൂപ പണമായി നൽകി

ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി കൈപ്പറ്റിയവർ ജി.ഒ (പി)നം.128/2017/ഫിൻ തീയ്യതി.06.10.2017 നമ്പർ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് കുടിശ്ശിക തുക ഇതുവരെ തിരിച്ചടച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും പ്രസ്തുത ചെലവിന് സാധൂകരണം വാങ്ങേണ്ടതാണ്.

ജീവനക്കാർ കൈപ്പറ്റിയ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 പഞ്ചായത്ത് വാഹനത്തിനത്തിന്റെ ഉപയോഗം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ഇന്ധന ക്ഷമതാ പരിശോധന നടത്തിയിട്ടില്ല.

ജി.ഒ (എം.എസ്)നം.170/2007/തസ്വഭവ തീയ്യതി.30.6.2007 നമ്പർ ഉത്തരവ് അനുസരിച്ച് പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇന്ധന ക്ഷമത ആറ് മാസത്തിൽ ഒരിക്കൽ നടത്തണം. എന്നാൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL.10.AB.2358 നമ്പർ ബൊലെറൊ ജീപ്പിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് വർഷങ്ങളായി നടത്തിയിട്ടില്ല.

2. ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ല. ഇന്ധനം നിറയ്ക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളുടെയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കണം. എന്നാൽ പഞ്ചായത്ത് വാഹനത്തിന്റെ ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ലെന്ന് മാത്രമല്ല, ഇന്ധനം നിറയ്ക്കുന്നത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുമില്ല.

ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്താത്തതിനാലും, ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കാത്തതിനാലും വാഹനത്തിന്റെ ഇന്ധന ഉപഭോഗം പരിശോധിക്കാൻ സാധ്യമല്ലാത്ത സാഹചര്യമാണുള്ളത്.

3. ഫ്യൂവൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സിസ്റ്റം ഇല്ല.

ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപഭോഗം നിരീക്ഷിക്കുന്നതിനുള്ള ഇന്ധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. മുൻകൂർ അനുമതി (ഇൻഡന്റ്) ഇല്ലാതെ ഇന്ധനം നിറയ്ക്കുന്നു

വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിന് കസ്റ്റോഡിയൻ ഓഫീസറുടെ മുൻകൂർ അനുമതി ആവശ്യമാണ്. "ഇൻഡന്റ്"മുഖേനെയാണ് കസ്റ്റോഡിയൻ ഓഫീസർ രേഖാമൂലം മുൻകൂർ അനുമതി നൽകുന്നത്. എന്നാൽ പഞ്ചായത്ത് വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് "ഇൻഡന്റ്"അടിസ്ഥാനത്തിലല്ല.

വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് സാക്ഷ്യപ്പെടുത്താനും, മുൻകൂർ അനുമതി കൂടാതെ ഇന്ധനം നിറയ്ക്കാൻ അനുവദിക്കുന്നതും ക്രമക്കേടുകൾക്ക് വഴിവെയ്ക്കും എന്നതിനാൽ ഗൗരവമർഹിക്കുന്ന വിഷയമാണ്.

മേൽ അപാകതകൾക്ക് 20/1.11.18 നമ്പർ എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ആയവ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 3-6 പി.എച്ച്.സി യിലേക്ക് എയർ കണ്ടീഷൻ വാങ്ങൽ - മുൻകൂർ തുക നൽകിയിട്ടും എ.സി ലഭ്യമായില്ല

2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രൊജക്കുകൾ പ്രകാരം എയർ കണ്ടീഷൻ വാങ്ങുന്നതിന് തുക പിൻവലിച്ച് മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. നാളിതുവരെയായിട്ടും എയർ കണ്ടീഷൻ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | ബിൽ | തുക |
|---|---|---|

| | നമ്പർ/തിയ്യതി | |
|---|---|---|
| 24/17-18 പി.എച്ച്.സി ഫാർമസിയിലേക്ക് എ.സി വാങ്ങൽ | 10/22-01-2018 | 46402 |
| 270/17-18 പി.എച്ച്.സി ഫാർമസിയിലേക്ക് ഹെമറോളജി അനലൈസർ, അനുബന്ധ ഉപകരണങ്ങളും, എയർ കണ്ടീഷനറും വാങ്ങുന്നതിന് | 7/28-12-2017 | 46402 |

എയർ കണ്ടീഷൻ വാങ്ങുന്നതിന് മുൻകൂർ പണം നൽകിയിട്ടും നാളിതുവരെയായിട്ടും ആയത് ലഭ്യമാവാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/30-10-2018) നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 92804 രൂപ തടസ്സം ചെയ്യുന്നു.

## 3-7 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നമ്പർ : 25/17-18, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 13/17-18 തി. 28-02-2018

തുക: 1,32,000 രൂപ, (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 1228/02-02-2018 തുക : 61311

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 3963/02-02-2018 തുക : 70689

ഏജൻസി : KMSCL തിരുവനന്തപുരം.

ഇൻവോയ്സ് നമ്പർ: 8633/20-09-2018 പ്രകാരം 9808 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 122192 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്.

2.പ്രൊജക്റ്റ് നമ്പർ : 27/17-18പാലിയേറ്റീവ് കെയർ പരിരക്ഷ

ബിൽ നമ്പർ/തിയ്യതി: 12/17-18 തി. 28-02-2018

1,00,000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 3966/02-02-2018 തുക : 80424

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 1229/20-02-2018 തുക : 19576

ഏജൻസി : KMSCL തിരുവനന്തപുരം.

ഇൻവോയ്സ് നമ്പർ: 8632/20-09-2018 പ്രകാരം 19141 രൂപയുടെയും, ഇൻവോയ്സ് നമ്പർ: 9186/28-09-2018 പ്രകാരം 9281 രൂപയുടെയും മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 71578 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്.

മരുന്നുകൾ ലഭ്യമാവാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/30-10-2018) നൽകിയ മറുപടിയിൽ ബാക്കി മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നറിയിച്ചു. ലഭ്യമാവാൻ അവശേഷിക്കുന്ന 193770 (122192 +

71578) രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു.

## 3-8 സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി നടപ്പാക്കി

2017-18 വർഷത്തേക്ക് ബാധകമായ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (GO(MS) 72/2017/LSGD Dt 29.03.2017 ) ₹ 50000 വരെ അടങ്കലുള്ള നിർമാണ പ്രവർത്തനങ്ങൾ മാത്രമെ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കാവൂ എന്നും ഇതിലും ഉയർന്ന അടങ്കലുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയാണ് നടപ്പാക്കേണ്ടത് എന്നും നിർദേശിച്ചിട്ടുണ്ട്. HMC, സ്കൂൾ PTA, അംഗൻവാടി ക്ഷേമസമിതികൾ , പാടശേഖര സമിതികൾ എന്നിവ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മാത്രമെ ഇത്തരത്തിൽ സാമ്പത്തിക പരിധി പാലിക്കാതെ നേരിട്ട് നടപ്പാക്കാവൂ എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ സർക്കാർ ഉത്തരവ് പാലിക്കാതെ 2017-18ൽ സാങ്കേതികാനുമതി ലഭിച്ച് കരാർ ചമച്ച താഴെ പറയുന്ന പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിക്കാണുന്നു

| പ്രവൃത്തി | കൺവീനർ | കുറിപ്പ് |
|---|---|---|
| ഐസ് പ്ലാന്റ് പള്ളിക്കൽ പാറ റോഡ് പുരോഗമനം ( 179/18)<br>TS No 585/2017-18 Dt. 28.04.2017 ₹ 300000 | ശ്രീ സുനിൽ കുമാർ S/o കണ്ണൻ<br>കരാർ നം 5/17-18 തി. 29.04.2017 | ചെലവ് ₹ 300000<br>( ബിൽ നമ്പർ 51/17-18 തി. 28.09.2017 |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഇ-ടെണ്ടർ പ്രവൃത്തികൾ- ₹ 9 ലക്ഷം ലാഭം

2017-18 വർഷത്തിൽ പഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയ എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു വെങ്കിലും 49 പ്രവൃത്തികൾ മാത്രമാണ് കരാറുകാർ ഇ ടെണ്ടർ മുഖേന ഏറ്റെടുത്തത്. റി ടെണ്ടർ നടത്തിയിട്ടും ആരും ഏറ്റെടുക്കാത്ത 35 പ്രവൃത്തികൾ പിന്നീട് മാന്വൽ ടെണ്ടർ മുഖേന കരാറുകാർ ഏറ്റെടുക്കുകയുണ്ടായി.

പ്രവൃത്തിയുടെ അടങ്കൽ തുക പരിഗണിക്കാതെ പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുന്നതിന് പഞ്ചായത്ത് തീരുമാനം എടുത്തത് മൂലം ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കാൻ സാധിച്ചു. 49 പ്രവൃത്തികൾ ഇപ്രകാരം ഇ ടെണ്ടർ ചെയ്തതിൽ ആകെ അടങ്കലിന്റെ 5% കുറവിലാണ് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തത്.ഇതുമൂലം 2017-18 വർഷത്തിൽ ₹ 906111 പഞ്ചായത്തിന് ലാഭിക്കാനായി.

ഇ ടെണ്ടർ കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാതിരുന്ന 35 പ്രവൃത്തികൾ പഞ്ചായത്ത് മാന്വൽ ടെണ്ടർ മുഖേന കരാറുകാരെ ഏൽപിച്ചു നൽകിയിരുന്നു. എന്നാൽ ഈ പ്രവൃത്തികളിൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ പഞ്ചായത്തിന് പണമൊന്നും ലാഭിക്കാനായില്ല.

ഒരേ പഞ്ചായത്തിലെ ഒരേ ഇനം പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്തപ്പോഴും , മാന്വൽ ടെണ്ടർ മുഖേന കരാറുകാരെ ഏൽപിച്ച് നൽകിയപ്പോഴും ടെണ്ടർ സേവിങ്ങ്സ് ഇനത്തിൽ വലിയ വ്യത്യാസം വന്നു എന്നതിൽ നിന്നും മാന്വൽ ടെണ്ടറിൽ കരാറുകാർ അനധികൃതമായി സംഘം ചേർന്ന് ടെണ്ടർ നടപടികളുടെ സുതാര്യതയും മത്സരക്ഷമതയും ഇല്ലാതാക്കുന്നു എന്ന് വ്യക്തമാണ്.

സാധ്യമാകുന്നിടത്തോളം പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചത് അനുകരണീയ മാതൃകയാണ്.

## 3-10 പഞ്ചായത്ത് ലൈബ്രറി നടത്തിപ്പ് -അപാകതകൾ

പഞ്ചായത്തിലെ പബ്ലിക് ലൈബ്രറി&റീഡിംഗ് റൂം നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

I) ബൈലോ പരിശോധനക്ക് ലഭ്യമാക്കിയില്ല.

പഞ്ചായത്ത് ലൈബ്രറിയുടെ നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

II) പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല.

1997 മുതൽ പാർട്ട് ടൈം ലൈബ്രേറിയൻ ഉള്ള ഈ ലൈബ്രറിയുടെ സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.. 2010 ജനവരിയിൽ വാങ്ങിയ 1555 പുസ്തകങ്ങളുടെയും ,2011 ഡിസംബർ മാസത്തിൽ വാങ്ങിയ 311 പുസ്തകങ്ങളുടെയും പേര് വിവരം രേഖപ്പെടുത്തിയ രണ്ട് വ്യത്യസ്ത സ്റ്റോക്ക് രജിസ്റ്ററുകളും, 2018മാർച്ച് മാസത്തിൽ വാങ്ങിയ 286 പുസ്തകങ്ങളുടെ വിവരം രേഖപ്പെടുത്തിയ ഒരു രജിസ്റ്ററും മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. ലൈബ്രറിയുടെ ആരംഭം മുതൽ 2010 വരെ ലൈബ്രറിയിൽ ഉണ്ടായിരുന്ന പുസ്തകങ്ങൾ സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമാക്കിയില്ല.

III) ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെട്ടു.

നിലവിൽ ലൈബ്രറിയിൽ ലഭ്യമായ പുസ്തകങ്ങളുടെ പേര് ചേർത്ത് ലൈബ്രേറിയൻ തയ്യാറാക്കിയ രജിസ്റ്റർ പ്രകാരം ആകെ 1861 പുസ്തകങ്ങളാണ് ലൈബ്രറിയിൽ ഉള്ളത്. 2010 ന് ശേഷം മാത്രം 2152 പുസ്തകങ്ങൾ(1555+311+286) ലൈബ്രറിക്കായി വാങ്ങിയിട്ടുണ്ട്. കൂടാതെ 2010 ന് മുമ്പുള്ള പുസ്തകങ്ങളും സ്റ്റോക്കിൽ ഉണ്ടാകേണ്ടതായിരുന്നു.

ഇതിൽ നിന്നും, 2010 വരെയുണ്ടായിരുന്ന പുസ്തകങ്ങളുടെ എണ്ണം + 291 (2152-1861) പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാണ്.

IV) ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.

ലൈബ്രറിയിൽ ലഭ്യമായ പുസ്തകങ്ങളുടെ വിവരം ശേഖരിച്ച് കാലാകാലങ്ങളിൽ നടത്തേണ്ട സ്റ്റോക്ക് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കാത്തതാണ് വൻതോതിൽ പുസ്തകങ്ങൾ നഷ്ടപ്പെടുന്നതിന് ഇടയാക്കിയത്.

പുസ്തകങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം തേടി ഇതുസംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഷ്ടപ്പെട്ട പുസ്തകങ്ങൾ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തേണ്ടതും പുസ്തകങ്ങളുടെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി അംഗീകരിച്ച് സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കേണ്ടതും വാർഷിക പരിശോധന നടത്തി സെക്രട്ടറി / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്.

## 3-11 ട്രാൻസ്പോർട്ടേഷൻ ചാർജ് - അധികമായി അനുവദിച്ച തുക ഓഡിറ്റ് നിർദേശത്തെ തുടർന്ന് തിരിച്ചടവാക്കി

നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ അംങ്കണവാടി കുട്ടികൾക്ക് പോഷകാഹാരവും സബല പദ്ധതിയും പ്രൊജക്ടിൽ

(നമ്പർ : 13/17-18) വികസന ഫണ്ട് ജനറൽ 300000 രൂപയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് 2141960 രൂപയും ഉൾപ്പെടെ 5141960 രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 38 അംഗനവാടികളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് വാഹന ഉടമകളിൽ നിന്ന് 22-04-2017 ന് എ.2.1369/2017 നമ്പറായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ 3 ക്വട്ടേഷനുകളിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൽ സലീം, ചന്ദ്രംതൊടി (കിലോഗ്രാമിന് 95 പൈസ) എന്നയാളുടെ ക്വട്ടേഷൻ ഭരണ സമിതിയുടെ 30-05-2017 ലെ 10-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. എന്നാൽ ചുവടെ ചേർക്കുന്ന ചെക്ക്/ബില്ല് പ്രകാരം മാവേലി സ്റ്റോറിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ പഞ്ചായത്തിലെ 38 അംഗനവാടികളിൽ വിതരണം ചെയ്യുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ അധിക തുക ചെലവഴിച്ചു.

914042/-രൂപയിൽ ഉൾപ്പെട്ട പരാമർശിച്ച ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ നൽകിയ 57378 രൂപയിൽ 39762 രൂപ 41855 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയതിനാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മാവേലി സ്റ്റോറിൽ നിന്നുള്ള ബിൽ പ്രകാരം (ബിൽ നമ്പർ : 1001127/17604 തി.20-01-2018) ആകെ 10530 കിലോ ഗ്രാം ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് വിതരണം ചെയ്തത്.

ആകെ 10530 കിലോ ഗ്രാം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന് നൽകേണ്ടിയിരുന്ന തുക 10004 രൂപയാണ് (10530 x 0.95). എന്നാൽ 41855 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതായി കണക്കാക്കി 39762 രൂപ അനുവദിച്ചിട്ടുണ്ട്. (41855 x 0.95) അധികമായി 29758 രൂപ (39762-10004) അനുവദിച്ചിട്ടുണ്ട്.

2. ബിൽ നമ്പർ/തിയ്യതി: 6/12-12-2017 തുക: 686043 രൂപ.

686043/-രൂപയിൽ ഉൾപ്പെട്ട ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ നൽകിയ 51647 രൂപയിൽ 21300 കിലോ WBNP ഗോതമ്പ് വിതരണം നടത്തിയതിന് 20235 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മാവേലി സ്റ്റോറിൽ നിന്നുള്ള പ്രസ്തുത ബിൽ പ്രകാരം (ബിൽ നമ്പർ : 1001127/17255 തി.12-08-2017) ആകെ 19384 കിലോ ഗ്രാം ഗോതമ്പ് മാത്രമാണ് വിതരണം ചെയ്തത്.

ആകെ 19384 കിലോ ഗ്രാം ഗോതമ്പ് വിതരണം ചെയ്തതിന് നൽകേണ്ടിയിരുന്ന തുക 18415 രൂപയാണ് (19384 x 0.95). എന്നാൽ 21300 കിലോ ഗോതമ്പ് വിതരണം ചെയ്തതായി കണക്കാക്കി 20235 രൂപ അനുവദിച്ചിട്ടുണ്ട്. (21300 x 0.95) അധികമായി 1820 രൂപ (20235-18415) അനുവദിച്ചിട്ടുണ്ട്.

അധിക തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ (നമ്പർ 1/24-10-2018, 8/29-10-2018) തുടർന്ന് അധികമായി അനുവദിച്ച 31578 രൂപ (29758 + 1820) 30-10-2018 ലെ 118040106174 നമ്പർ രശീതി പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

തുക അനുവദിക്കുമ്പോൾ സൂക്ഷ്മത പുലർത്തേണ്ടതും, ട്രാൻസ്പോർട്ടേഷൻ ചാർജ് ക്ലെയിം കരാറുകാരനിൽ നിന്ന് ബിൽ നമ്പർ/തിയ്യതി, വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ തൂക്കം എന്നിവ ഉൾപ്പെടെ എഴുതി വാങ്ങേണ്ടതും ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്. സമയബന്ധിതമായി തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 വീട് നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ചില്ല

വിവിധ വർഷങ്ങളിലായി വി.ഇ.ഒ നിർവഹണം നടത്തിയ ഭവന നിർമ്മാണ പ്രൊജക്ടുകളിൽ കരാർവെച്ച് ധനസഹായം കൈപ്പറ്റിയ പല ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ഇ.എം.എസ് ഭവന പദ്ധതി 2011-12 തുക 75000 രൂപ

| ക്രമ | ഗുണഭോക്താവിന്റെ പേര് | വാർഡ് | കൈപ്പറ്റിയ തുക |
|---|---|---|---|

| നം | | നമ്പർ | ഒന്നാം ഗഡു | രണ്ടാം ഗഡു |
|---|---|---|---|---|
| 1 | അബ്ദുൽ കരീം, കൊമ്പത്താൻ തക്കിടിപ്പറമ്പ് | 10 | 52500/31.01.2012 | 15000/30.03.2012 |
| 2 | ഹനീഫ പി & റസീന പാണമ്പ്ര | 20 | 52500/31.01.2012 | - |
| 3 | വളനാട്ട് അഹമ്മദ് കുട്ടി, ആൽപ്പറമ്പ് | 4 | 52500/31.01.2012 | - |
| 4 | വീരാൻകുട്ടി തോട്ടോളി, കരിപ്പൂർ | 11 | 52500/30.03.2012 | - |
| 5 | ആസ്യ പുളിക്കൽ, ചിറയിൽ | 8 | 52500/30.03.2012 | 15000/30.03.2012 |
| 6 | അബ്ദുൽ അലി ആലുങ്ങൽ, ചിറക്കൽ | 2 | 52500/30.03.2012 | - |
| 7 | നഫീസ കൊടക്കാട്ടകത്ത്, പുൽപ്പറമ്പ് | 1 | 52500/30.03.2012 | 15000/30.03.2012 |
| 8 | മുഹമ്മദ് കുട്ടി. ടി, തലോളിൽ | 15 | 52500/30.03.2012 | - |
| 9 | മനേരിക്കൽ റഷീദ്, തറയിട്ടാൽ | 8 | 52500/30.03.2012 | 15000/30.03.2012 |
| 10 | ഹംസ പാറക്കൽ, പുളിയൻപറമ്പ് | 11 | 52500/30.03.2012 | - |
| 11 | സുഹറ അഞ്ചുകണ്ടത്തിൽ, പുൽപ്പറമ്പ് | 1 | 52500/30.03.2012 | 15000/19.05.2012 |

2.ശിഹാബ് തങ്ങൾ ഭവന പദ്ധതി 2012-13 തുക 100000 രൂപ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | | |
|---|---|---|---|---|---|
| | | | ഒന്നാം ഘഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
| 1 | ഹസീന. ഇ, ഓണാട്ട് | 1 | 50000/ 24.04.2013 | 20000/ 26.10.2013 | 20000/ 21.05.2014 |
| 2 | ഫൗസിയ മാന്താട്ടുപുറം | 1 | 50000/ 24.04.2013 | 20000/ 02.01.2014 | 20000/ 26.05.2014 |
| 3 | റുഖ്സാന കുറുങ്ങോടത്ത് | 3 | 50000/ 24.04.2013 | 20000/ 26.10.2013 | 20000/ 20.05.2014 |
| 4 | നസീറ, വരാപ്പിൽ | 5 | 40000/ 01.06.2013 | 20000/ 17.02.2014 | 20000/ 16.12.2014 |
| 5 | ദീപ നെടുവള്ളി | 6 | 50000/ 24.04.2013 | 20000/ 02.01.2014 | 20000/ 03.06.2014 |
| 6 | ജുമൈലത്ത്, പാത്രിപ്പറമ്പൻ | 12 | 50000/ 24.04.2013 | 20000/ 03.01.2014 | 20000/ 21.05.2014 |
| 7 | ഉഷാകുമാരി ടി.പി, വള്ളിക്കോട്ട്ചാലി | 17 | 40000/ 29.05.2013 | 20000/ 04.01.2014 | 20000/ 20.05.2014 |
| 8 | സഫിയ, ഇല്ലിക്കൽ | 2 | 40000/ 29.05.2013 | 20000/ 04.01.2014 | 20000/ 23.09.2014 |
| 9 | സുഹറ പെറ്റേക്കോടൻ | 6 | 40000/ 30.05.2013 | 20000/ 04.01.2014 | - |
| 10 | ഫൗസിയ, പാലത്തിങ്ങൽ | 11 | 40000/ 30.03.2013 | 20000/ 17.02.2014 | 20000/ 23.09.2014 |

| | | | | | |
|---|---|---|---|---|---|
| 11 | ബുഷ്റ ഹൈനാംതൊടി | 16 | 40000/ 24.05.2013 | 20000/ 26.10.2013 | 20000/ 22.05.2014 |
| 12 | പുഷ്പവല്ലി. എൻ, പാറക്കൽ | 18 | 40000/ 10.06.2013 | 20000/ 17.02.2014 | 20000/ 22.05.2014 |
| 13 | സക്കീന കെ, മണക്കാട് | 1 | 40000/ 24.05.2013 | 20000/ 04.01.2014 | 20000/ 21.05.2014 |
| 14 | സുൽഫത്ത്, കാരപ്പറമ്പ് | 2 | 40000/ 29.05.2013 | 20000/ 04.01.2014 | 20000/ 12.06.2014 |

3. ശിഹാബ് തങ്ങൾ ഭവന പദ്ധതി 2013-14 തുക 100000രൂപ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | | |
|---|---|---|---|---|---|
| | | | ഒന്നാം ഘഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
| 1 | റുബീന, ചേലപുറത്ത് | 1 | 25000/- 28.05.2014 | 25000/- 23.09.2014 | 30000/- 23.04.2015 |
| 2 | പൊയിലി സുബൈദ, പുതുക്കുടി | 1 | 25000/- 28.05.2014 | 25000/- 23.09.2014 | 30000/- 23.04.2015 |
| 3 | ഹസീന കൊടക്കാട്ട്, മാന്താട്ടുപുറം | 1 | 25000/- 28.05.2014 | 25000/- 23.09.2014 | 30000/- 23.04.2015 |
| 4 | പാത്തുമ്മകുട്ടി, ഓട്ടക്കാഞ്ഞിരം | 5 | 25000/- 28.05.2014 | 25000/- 23.09.2014 | 30000/- 06.02.2016 |
| 5 | മഹനാസ്. പി.ടി, പാറഞ്ചേരി | 6 | 25000/- 28.05.2014 | 25000/- 25.10.2014 | 30000/- 30.10.2015 |
| 6 | ഫൗസിയ പാലശ്ശേരി | 7 | 25000/- 28.05.2014 | 25000/- 25.10.2014 | 30000/- 23.04.2015 |
| 7 | ഹഫ്സത്ത് മാതാംകുഴിയിൽ | 8 | 25000/- 28.05.2014 | 25000/- 01.12.2014 | 30000/- 06.02.2016 |
| 8 | ജുനൈദിയ, നെടുംകളരി | 8 | 25000/- 28.05.2014 | 25000/- 25.10.2014 | 30000/- 23.04.2015 |
| 9 | റഹ്മത്ത് കൊടിയംപറമ്പ് | 8 | 25000/- 28.05.2014 | 25000/- 25.10.2014 | 30000/- 30.10.2015 |
| 10 | സഫിയ മാതാംകുഴിയിൽ | 8 | 25000/- 28.05.2014 | 25000/- 25.10.2014 | 40000/- 23.04.2015 |
| 11 | റൈഹാനത്ത് പറമ്പിൽ | 11 | 25000/- 28.05.2014 | 25000/- 25.10.2014 | 30000/- 23.04.2015 |
| 12 | റംല, മേലേക്കുട്മാട്ട് | 12 | 25000/- 28.05.2014 | 25000/- 01.12.2014 | 30000/- 30.10.2015 |
| 13 | ഷഹർബാൻ ചാലൊടി | 15 | 25000/- 28.05.2014 | 25000/- 25.10.2014 | 30000/- 06.02.2016 |

| | | | | | |
|---|---|---|---|---|---|
| 14 | റസീന ചാരുപടിക്കൽ | 15 | 25000/-<br>28.05.2014 | 25000/-<br>01.12.2014 | 30000/-<br>08.06.2016 |
| 15 | റംല, മങ്ങുങ്ങൽ | 16 | 25000/-<br>28.05.2014 | 25000/-<br>25.10.2014 | 30000/-<br>23.04.2015 |
| 16 | നെസീമ വലിയപറമ്പിൽ | 17 | 25000/-<br>28.05.2014 | 25000/-<br>25.10.2014 | 30000/-<br>23.04.2015 |
| 17 | നിധിഷ അമ്പാടി | 17 | 25000/-<br>28.05.2014 | 25000/-<br>25.10.2014 | 30000/-<br>06.02.2016 |
| 18 | പ്രസീത അകായ്യൊടി | 18 | 25000/-<br>28.05.2014 | 25000/-<br>23.09.2014 | 30000/-<br>06.02.2016 |
| 19 | ഷക്കീല കല്ലുവളപ്പിൽ | 18 | 25000/-<br>28.05.2014 | 25000/-<br>25.10.2014 | 30000/-<br>06.02.2016 |
| 20 | ഉമ്മു ഹസ്ല, ചാലാട്ടിൽ | 20 | 25000/-<br>28.05.2014 | 25000/-<br>25.10.2014 | 30000/-<br>23.04.2015 |
| 21 | ഉമ്മുൽ ഫല്ലലത്ത് | 20 | 25000/-<br>28.05.2014 | 25000/-<br>25.10.2014 | 30000/-<br>23.04.2015 |
| 22 | ബിന്ദു പുത്തലാംപാറ<br>(2017-18 ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി) | 21 | 25000/-<br>28.05.2014 | 80000/-<br>10.01.2018 | 80000/-<br>16.02.2018 |
| 23 | സഫിയ കുന്നേക്കാട്ട് മാടത്തറ | 22 | 25000/-<br>28.05.2014 | 25000/-<br>25.10.2014 | 30000/-<br>23.04.2015 |

4. ശിഹാബ് തങ്ങൾ ഭവന പദ്ധതി 2015-16 തുക 100000 രൂപ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | | |
|---|---|---|---|---|---|
| | | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
| 1 | ബീപാത്തുമ്മ, മടത്തൊടിക, കോഴിപ്പുറം | 1 | 25000 | 25000 | 30000 |
| 2 | ജംഷീദ പാച്ചീരി | 1 | 25000 | 25000 | 30000 |
| 3 | ഷംന സി, പരാലിൽ | 5 | 25000 | 25000 | 30000 |
| 4 | ഹസ്സനത്ത്, മൂർച്ചംകണ്ടി | 5 | 25000 | 25000 | 30000 |
| 5 | ഗീത പി, നാലാംകണ്ടത്തിൽ | 6 | 25000 | 25000 | 30000 |
| 6 | ആസ്യ, കക്കാട് | 7 | 25000 | 25000 | 30000 |
| 7 | സമീറ കുടക്കിൽ | 7 | 25000 | 25000 | 30000 |
| 8 | റഷീദ കോഴിശ്ശേരി | 8 | 25000 | 25000 | 30000 |
| 9 | മറിയുമ്മ. പി, പൊറ്റമ്മൽ | 8 | 25000 | - | - |
| 10 | സാബിറ മുള്ളൻമടക്കൽ | 8 | 25000 | 25000 | 30000 |
| 11 | ഷാഹിദ. കെ.വി, തെക്കെകണ്ടി പറമ്പിൽ | 8 | 25000 | 25000 | 30000 |

| | | | | | |
|---|---|---|---|---|---|
| 12 | ഫസ്ല സി, ചെറുങ്ങോടൻ<br>(2017-18 ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 60000 രൂപ കൂടി നൽകി) | 9 | 25000 | 25000 | 30000 |
| 13 | റാഷിദ കെ, ചോലത്തൊട്ടുവിൽ | 9 | 25000 | 25000 | 30000 |
| 14 | നസീറ കുമ്പിൽകളത്തിൽ | 10 | 25000 | 25000 | 30000 |
| 15 | പാത്തുമ്മ, കുന്നത്ത് | 10 | 25000 | 25000 | 30000 |
| 16 | മമ്മാത്തു, കോഴിക്കാ മഠത്തിൽ | 12 | 25000 | 25000 | - |
| 17 | റിസ് വാന. കെ, കാരാട്ട് പറമ്പിൽ | 12 | 25000 | 25000 | 30000 |
| 18 | ഹഫ്സത്ത്. ടി, മേലേകൂട്മാട്ട് | 12 | 25000 | 25000 | 30000 |
| 19 | ജമീല വട്ടപ്പറമ്പിൽ | 12 | 25000 | 25000 | 30000 |
| 20 | റുബീന പി കാരാട്ട്പറമ്പിൽ | 12 | 25000 | 25000 | 30000 |
| 21 | മുനീറ കോതേരികുണ്ട് | 13 | 25000 | 25000 | 30000 |
| 22 | റൈഹാനത്ത് കെ.ടി, നീലിയാരത്ത് | 14 | 25000 | 25000 | 30000 |
| 23 | നസീറ മൂക്കംപറമ്പത്ത് പള്ളിയാളിൽ | 14 | 25000 | 25000 | 30000 |
| 24 | ആമിന പി, പൽപനാലിപറമ്പ് | 15 | 25000 | 25000 | 30000 |
| 25 | സീനത്ത് ഉണ്ണ്യാലുങ്ങൽ | 15 | 25000 | 25000 | 30000 |
| 26 | റംല സി.കെ, കൊളങ്ങോട്ട് | 15 | 25000 | 25000 | 30000 |
| 27 | നസീറ. കെ, അയ്യപ്പൻ പള്ളിയാളി | 16 | 25000 | 25000 | 30000 |
| 28 | ഖദീജ പുതിയത്ത് | 16 | 25000 | - | - |
| 29 | സഫിയ അരീപറമ്പിൽ | 18 | 25000 | 25000 | 30000 |
| 30 | ജംസിയ പി, കല്ലിടുമ്പിൽ | 18 | 25000 | 25000 | 30000 |
| 31 | സക്കീന എം, അമ്പലാടത്ത് | 18 | 25000 | 25000 | 30000 |
| 32 | റംസീന വടക്കകത്ത് കുറ്റി | 21 | 25000 | 25000 | 30000 |
| 33 | കമലം പി, പരിയാരംതൊടി | 21 | 25000 | 25000 | 30000 |
| 34 | രേണുക സി.പി, അമ്പലക്കണ്ടി | 22 | 25000 | 25000 | 30000 |
| 35 | ചിത്ര സി.കെ, നമ്പ്യാർകണ്ടി | 22 | 25000 | 25000 | 30000 |
| 36 | റസിയ ബീവി, അവുങ്ങിക്കാട് പറമ്പ് | 1 | 25000 | 25000 | 30000 |
| 37 | ജഫ്സീന കെ, പൊട്ടൻകാട്ടിൽ | 5 | 25000 | 25000 | 30000 |
| 38 | ആയിശ ബീവി. സി.കെ, കോണോത്തമാട് | 6 | 25000 | 25000 | 30000 |
| 39 | റുബീന പി, പാറമ്മൽ | 8 | 25000 | 25000 | 30000 |
| 40 | ഫാത്തിമ സുഹറ, അമ്പലഞ്ചേരി | 10 | 25000 | 25000 | 30000 |
| 41 | സാജിത, കോതേരികുണ്ട് | 13 | 25000 | 25000 | 30000 |
| 42 | രമണി വാലഞ്ചേരി | 18 | 25000 | 25000 | - |
| 43 | ശൈലജ കുണ്ടിൽ | 21 | 25000 | 25000 | 30000 |

| | | | | | |
|---|---|---|---|---|---|
| 44 | ബുഷ്റ നൗഫൽ മൻസിൽ | 8 | 25000 | 25000 | 30000 |
| 45 | കുഞ്ഞയ്യ യു, വട്ടപ്പറമ്പിൽ | 12 | 25000 | 25000 | 30000 |
| 46 | ജസീന വടക്കേകത്ത് | 21 | 25000 | 25000 | 30000 |

മേൽ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/29-10-2018) നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഒരു വർഷത്തിനുള്ളിൽ വീട് നിർമ്മാണം പൂർത്തീകരിക്കാമെന്ന് ഗുണഭോക്താക്കൾ കരാർ വെച്ചിരുന്നു എന്നറിയിച്ചു. മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്കെല്ലാം അവസാന ഘഡു തുക നൽകാനുണ്ടെന്നും, മുഴുവൻ ഗുണഭോക്താക്കളും വീട് പണി പൂർത്തീകരിച്ച് വീട്ടിൽ താമസമാക്കിയിട്ടുണ്ട് എന്നുമറിയിച്ചു. അവസാന ഗഡു തുക നൽകുന്നതിന് മുമ്പ് ധനസഹായം കൊണ്ട് നിർമ്മിച്ച വീടും സ്ഥലവും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയില്ല എന്ന് കരാർ രജിസ്റ്റർ ചെയ്യണം. എന്നാൽ കരാർ പത്രം രജിസ്റ്റർ ചെയ്ത് ഹാജരാക്കാത്തതിനാലാണ് അവസാന ഗഡു നൽകാൻ കഴിയാത്തത് എന്നറിയിച്ചു.

2011-12 വർഷം മുതലുള്ള ഭവന നിർമ്മാണ പ്രൊജക്ടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു എന്നത് ഒട്ടും ആശാവഹമല്ല. മേൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു തുക കൂടി നൽകി വീട് നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 വീടിന്റെ മേൽക്കൂര മാറ്റൽ പ്രൊജക്ട് - മാർഗ്ഗരേഖ നിർദേശം പാലിച്ചില്ല

2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകളിൽ 13-ാം പദ്ധതി (2017-18 വാർഷിക പദ്ധതി) സബ്സിഡി മാർഗ്ഗരേഖ നിർദേശങ്ങൾ പാലിച്ചിട്ടില്ല. പ്രൊജക്ട് വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പർ : 40 (വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, ജനറൽ 2017-18)

| ബിൽ / ചെക്ക് നമ്പർ, തിയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം / തുക |
|---|---|---|
| 1/06-01-2018 | 4,30,000 | 43 x 10000 |
| 3/12-01-2018 | 2,60,000 | 26 x 10000 |
| 4/12-01-2018 | 4,00,000 | 40 x 10000 |
| 5/12-02-2018 | 2,30,000 | 23 x 10000 |
| 7/12-02-2018 | 3,00,000 | 12 x 10000 + 12 x 15000 |
| 4532711/16-02-2018 | 1,75,000 | 13 x 10000 + 3 x 15000 |
| 12/24-03-2018 | 30,000 | 2 x 15000 |
| 4532732/23-03-2018 | 10,70,000 | 20 x 10000 + 58 x 15000 |
| 4532741/27-03-2018 | 6,60,000 | 44 x 15000 |
| 4532744/28-03-2018 | 6,20,000 | 5 x 10000 + 38 x 15000 |
| ആകെ | 4175000 | |

2. പ്രൊജക്ട് നമ്പർ : 41 (വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, എസ്.സി 2017-18)

| ബിൽ നമ്പർ, തിയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം / തുക |
|---|---|---|
| 2/12-01-2018 | 2,75,000 | 11 x 25000 |
| 6/12-02-2018 | 2,00,000 | 8 x 25000 |

| | | |
|---|---|---|
| 8/20-02-2018 | 2,00,000 | 8 x 25000 |
| 9/15-03-2018 | 3,25,000 | 13 x 25000 |
| 10/15-03-2018 | 2,25,000 | 9 x 25000 |
| 11/24-03-2018 | 2,00,000 | 8 x 25000 |
| 13/24-03-2018 | 5,75,000 | 23 x 25000 |
| ആകെ | 2000000 | |

03-04-2017 ലെ ജി.ഒ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ 8.6(1) പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പൊതുവിഭാഗത്തിന് 50,000 രൂപയും, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 75,000 രൂപയും പരമാവധി സബ്സിഡി നൽകാവുന്നതാണ്. പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- മാർഗ്ഗരേഖ മാനദണ്ഡപ്രകാരം വരുമാന പരിധി 100,000 രൂപയാണ്. എന്നാൽ അപേക്ഷകളുടെ കൂടെ വരുമാന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിട്ടില്ല.
- ചുമർ ബലമുള്ളതും എന്നാൽ മേൽക്കൂര ഓല/പുല്ല്/തകരഷീറ്റ്/ആസ്ബറ്റോസ് ഉപയോഗിച്ച് മേഞ്ഞതും ആയ വീടുകളായിരിക്കണം. അല്ലെങ്കിൽ പൂർണ്ണമായും ജീർണ്ണിച്ച ഓടിട്ട മേൽക്കൂരയായിരിക്കണം. എന്നാൽ ഇക്കാര്യം നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ എല്ലാ ഗുണഭോക്താക്കളും ഓട് മാറ്റൽ പണിക്കുള്ള ഒരു പ്രിന്റഡ് എസ്റ്റിമേറ്റ് ആണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത്. മിക്കവരും ആയതിൽ ഒപ്പ് വെച്ചിട്ടുമില്ല.
- 100 ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇക്കാര്യം നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/29-10-2018) നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ എല്ലാ ഗുണഭോക്താക്കളുടെയും വീടുകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ധന സഹായം അനുവദിച്ചത് എന്നും, ആയത് ഓരോ അപേക്ഷയിലും സാക്ഷ്യപ്പെടുത്തുന്നതാണ് എന്നും അറിയിച്ചു.

മാർഗരേഖ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പിലാക്കേണ്ടതാണ്.

## 3-14 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I)പദ്ധതി രൂപീകണം -നടപടികൾ പാലിച്ചില്ല.

2017-18 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട 09.01.2017 ലെ സ.ഉ(എം.എസ്) 10/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രൊജക്ടുകൾ സംബന്ധിച്ച് പഠനം നടത്തി പ്രൊജക്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുക എന്നതും പ്രൊജക്ട് നടത്തിപ്പ് മോണിറ്റർ ചെയ്യുക എന്നതും അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. പൊതു മരാമത്ത് മേഖലയിൽ ഈ ചുമതല നിറവേറ്റേണ്ടത് പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ്. എന്നാൽ 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തങ്ങളിൽ ഏൽപിക്കപ്പെട്ട ചുമതല നിറവേറ്റിയിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായി.

എ) 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ആകെ രണ്ട് തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ്

യോഗം ചേർന്നത്. ഈ യോഗത്തിൽ മുൻ വർഷത്തിൽ നടപ്പാക്കിയതും തൻവർഷം നടപ്പാക്കേണ്ടതുമായ പ്രൊജക്ടുകളെക്കുറിച്ച് ചർച്ചയൊന്നും നടന്നിട്ടില്ല.

ബി) മുൻ വർഷങ്ങളിലെ പ്രൊജക്ടുകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

സി) തൻ വർഷം നടപ്പാക്കേണ്ട പ്രൊജക്ടുകൾ സംബന്ധിച്ച് പഠനം നടത്തി പ്രൊജക്ട് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല.

ഡി) തൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടത് എന്ന് സർക്കാർ ഉത്തരവ് വ്യക്തമാക്കുന്നുണ്ട്. എന്നാൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുമില്ല.

വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ടുകൾ ഒന്നും തന്നെ തയ്യാറാക്കി നൽകിയിട്ടില്ല എങ്കിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റി 22.04.2017 ന് ചേർന്ന യോഗത്തിൽ 2017-18 വർഷത്തേക്കുള്ള പ്രൊജക്ടുകൾ അംഗീകരിച്ചതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യാതെയും പഠനം നടത്താതെയും പ്രൊജക്ടുകൾ തയ്യാറാക്കിയത് എങ്ങനെയെന്ന് വ്യക്തമാകുന്നില്ല. ഇതിൽ നിന്നും 2017-18 വർഷത്തെ പദ്ധതി രൂപീകരണം സുതാര്യമായ രീതിയിലല്ല നടന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

II) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 182 പ്രൊജക്ടുകൾ തയ്യാറാക്കിയെങ്കിലും 131 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 71.98% പ്രൊജക്ടുകളാണ് തൻവർഷം പൂർത്തീകരിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 182 | ആകെ അടങ്കൽ | 54502272 |
| നടപ്പിലാക്കിയത് | 131 | ചെലവ് | 35135577 |
| ശതമാനം | 71.98 | ചെലവ് ശതമാനം | 64.47 |

ആകെ 83 പ്രൊജക്ടുകൾ സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം നേടിയെങ്കിലും ഇതിൽ 66 പ്രൊജക്ടുകൾ മാത്രമെ നടപ്പാക്കാനായുള്ളൂ. (79.52%)

ഗ്രാമ പഞ്ചായത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത് ഇതിൽ തന്നെ ഒരു ഓവർസിയർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതായിരുന്നു. ഇത്രയും ജീവനക്കാരാണ് മേൽ പറയുന്ന എണ്ണം പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തപ്പെട്ടത്. കൂടാതെ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പ്രൊജക്ടുകളുടെ നടത്തിപ്പ്, കെട്ടിട നിർമാണ പെർമിറ്റ് ,കെട്ടിട നമ്പറിംഗ് എന്നിവ സംബന്ധിച്ച പരിശോധനകളും ഇതേ ജീവനക്കാർ തന്നെയാണ് നടത്തേണ്ടത്.

പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെയും പരിശോധിക്കേണ്ട ഫയലുകളുടെയും ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം എല്ലാ പ്രവൃത്തികളുടെയും സൈറ്റിൽ പൂർണ്ണമായും ശ്രദ്ധ നൽകാൻ സാധിക്കില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത

ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

III.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

IV).റോഡ് കോൺക്രീറ്റിംഗ് കൂടുതലായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളൊരുക്കി നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

V)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പ്രവൃത്തിയിലും പ്രവൃത്തി നടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

VI)പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

കൂടാതെ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 കാലഹണപ്പെട്ട യാത്രാ ബത്ത അനുവദിച്ചത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ മുൻ സെക്രട്ടറി ശ്രീ.അശോകൻ.എ.സി ക്ക് വൗച്ചർ നമ്പർ 21700475/26.10.17 പ്രകാരം അദ്ദേഹത്തിന്റെ 4/15 മുതൽ 11/16വരെയുള്ള യാത്രാ ബത്തയായ 35485/- രൂപ അനുവദിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർടിക്കിൾ 56(b)ii അനുസരിച്ച്, അനുവദിക്കാവുന്ന കാലാവധി മുതൽ രണ്ട് വർഷത്തിനുള്ളിൽ അനുവദിച്ചിട്ടില്ലെങ്കിൽ യാത്രാ ബത്ത കാലഹരണപ്പെടും. സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിയ ശേഷം മാത്രമേ കാലഹരണപ്പെട്ട യാത്രാ ബത്ത അനുവദിക്കാവൂ. ആർട്ടിക്കിൾ 53(b)6

പ്രകാരം യാത്ര നടത്തിയ മാസം അവസാനിച്ച് കഴിഞ്ഞാൽ യാത്രാ ബത്ത ബിൽ അനുവദിക്കാവുന്നതാണ്. ആർട്ടിക്കിൾ 53(e) പ്രകാരം യാത്ര ബത്ത അനുവദിക്കാവുന്ന തീയ്യതി മുതൽ ഒരു വർഷത്തിനുള്ളിൽ യാത്രാ ബത്താ ക്ലെയിം നിയന്ത്രണാധികാരിക്ക്/ഡ്രോയിംഗ് ഓഫീസർക്ക് സമർപ്പിച്ചിട്ടില്ലെങ്കിൽ പിന്നീട് ആ ക്ലെയിം സ്വീകരിക്കാവതല്ല.

മേൽ ചട്ടങ്ങൾ പ്രകാരം അനുവദിച്ച യാത്രാബത്തയിൽ 4/15 മുതൽ 9/15 വരെ മാസങ്ങളിലെ യാത്രാബത്ത കാലഹരണപ്പെട്ടതാണ്. മാത്രമല്ല യാത്രാബത്ത ക്ലെയിം അംഗീകരിക്കുന്നതിലും കാലതാമസം വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | മാസം | തുക | അംഗീകരിച്ച തീരുമാനം |
|---|---|---|---|
| 1 | 4/15 | 1592.00 | 13/28.6.16 |
| 2 | 5/15 | 1992.00 | 13/28.6.16 |
| 3 | 615 | 1898.00 | 13/28.6.16 |
| 4 | 7/15 | 2510.00 | 19/29.7.17 |
| 5 | 8/15 | 1750.00 | 19/29.7.17 |
| 6 | 9/15 | 1898.00 | 19/29.7.17 |
| | ആകെ | 11640.00 | |

11640.00 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. സർക്കാരിൽ നിന്നും അനുമതി ഉത്തരവ് വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് 22/1.11.18നമ്പർ എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

## 3-16 ചെറു പറമ്പത്ത് SC WSSകുഴൽ കിണർ നിർമ്മിച്ചത് - പ്രവർത്തന ക്ഷമമല്ല

പ്രൊജക്റ്റ് നമ്പർ 85/18പ്രകാരം ചെറു പറമ്പത്ത് എന്ന സ്ഥലത്ത് ഒരു കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, ജനങ്ങൾക്ക് ജലം ലഭ്യമാക്കത്തക്ക വിധം കുഴൽകിണർ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല എന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ വ്യക്തമാകുകയുണ്ടായി. വിശദാംശങ്ങൾ താഴെ പറയുന്നു.

| പ്രൊജക്റ്റിന്റെ വിശദാംശം | | അപാകത |
|---|---|---|
| അടങ്കൽ<br>(ചെറു പറമ്പത്ത് SC കോളനി പദ്ധതിമാത്രമാണ് നിർവ്വഹിച്ചത്T.S തുക:48050/-)<br>ചെലവ്<br>വൗച്ചർ :21700763/28.2.18<br>എം.ബുക്ക് നം.<br>എഗ്രിമെന്റ് നം.<br>കരാറുകാരൻ | 96500/-(തനത്)<br>44126/<br>85/17-18<br>2/17-18/ 30.7.18<br>സിദ്ദീഖ് അലി | കിണറിന്റെ അടിഭാഗം ഇടിഞ്ഞതിനാൽ വെള്ളം കിട്ടാത്ത അവസ്ഥയാണെന്ന് വാർഡ് നമ്പർ 21 ന്റെ മെമ്പർ ശ്രീ.മോഹൻദാസ് കണ്ടാരം പറ്റ തന്റെ 7.11.2017 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ കത്തിൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. |

കുഴൽ കിണർ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

ലഭ്യമാക്കേണ്ടതാണ്.

## 3-17 കുടിവെള്ള വിതരണം നടത്തിയതിലെ അപാകതകൾ - സംബന്ധിച്ച്

ചെലവ്.1301690/-

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് പ്രകാരം കുടിവെള്ള വിതരണം നടത്തുന്നതിന് ടെണ്ടർ നോട്ടീസ് നമ്പർ.എ2/2746/17 തീയ്യതി 15.4.16 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് തുക, ലിറ്ററിന് 0.34/രൂപ, ക്വാട്ട് ചെയ്ത ശ്രീ.ഫസലുൽ ഹഖ്, കുറുപ്പം തൊടി യുടെ ടെണ്ടർ ഭരണ സമിതിയുടെ 4/5.4.17 നമ്പർ തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് കുടിവെള്ളം വിതരണം ചെയ്ത ശ്രീ.ഫസലുൽ ഹഖ്ന് താഴെ പറയും പ്രകാരം 1301690/- രൂപ പ്രതിഫലം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | വിതരണം ചെയ്ത വെള്ളത്തിന്റെ അളവ്(ലിറ്റർ) |
|---|---|---|---|
| 1 | 21700107/31.5.17 | 221286.00 | 650842/@0.34രൂപ |
| 2 | 21700108/31.5.17 | 200000.0 | 588235/@0.34രൂപ |
| 3 | 21700109/31.5.17 | 170000.00 | 500000/@0.34രൂപ |
| 4 | 21700110/31.5.17 | 195644.00 | 575423/@0.34രൂപ |
| 5 | 21700181/12.6.17 | 205020.00 | 1160000/@0.34രൂപ |
| 6 | 21700182/31.5.17 | 189380.00 | |
| 7 | 21700223/4.7.17 | 120360.00 | 356000/@0.34രൂപ |
| | ആകെ | 1301690.00 | |

പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ പറയുന്നു.

1. കോൺട്രാക്ടറുടെ കൃത്യനിർവ്വഹണം കാര്യക്ഷമമായി മോണിറ്റർ ചെയ്യാതെ പ്രതിഫലം നൽകി.

ഒരു വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ഒരേ സമയത്തും, പുലർച്ചെ മുതൽ രാത്രി വരെ വിവിധ സമയങ്ങളിലും കുടിവെള്ള വിതരണം നടത്തും എന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ എ.ഡി.എസ്, ഗുണഭോക്താക്കൾ, വാർഡ് മെമ്പർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു മോണിറ്ററിംഗ് സംവിധാനത്തിന്റെ നിരന്തര മേൽനോട്ടത്തിൽ മാത്രമെ കോൺട്രാക്ടറുടെ പ്രവൃത്തി നിർവ്വഹണം കാര്യക്ഷമമായി മോണിറ്ററിംഗ് ചെയ്യാൻ സാധ്യമാകുമായിരുന്നുള്ളു. എന്നാൽ ഇതിനു പകരം മെമ്പർമാർ മാത്രമാണ് കുടിവെള്ള വിതരണം മോണിറ്റർ ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ, മെമ്പർമാരുടെ തനിച്ചുള്ള മോണിറ്ററിംഗ് ഇക്കാര്യത്തിൽ വേണ്ടത്ര കാര്യക്ഷമമാകുക സാധ്യമല്ല. ഈ സാഹചര്യത്തിൽ, കുടുംബശ്രീ പോലുള്ള പൊതു സംവിധാനങ്ങളുടെയും, യഥാർത്ഥ ഗുണഭോക്താക്കളുടെയും മോണിറ്ററിംഗ് ഇല്ലാതെ/സാക്ഷ്യപത്രം ലഭ്യമാക്കാതെ, മെമ്പർമാരുടെ മാത്രം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് പ്രതിഫലം അനുവദിച്ചത് ക്രമപ്രകാരമല്ല എന്ന് കാണുന്നു.

2. ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം

അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാത്രമല്ല ട്രിപ് ഷീറ്റുകൾ പരിശോധിച്ചപ്പോൾ താഴെ പറയും പ്രകാരം KL-10-AE-5927 നമ്പർ വാഹനത്തിൽ ഒരേ ദിവസം വിവിധ വാർഡുകളിൽ വ്യത്യസ്ത അളവിലുള്ള ടാങ്കുകളിൽ കോൺട്രാക്ടർ വെള്ളം വിതരണം ചെയ്തതായി കണ്ടിട്ടുണ്ട്.

| തീയ്യതി | KL-10-AE-5927 നമ്പർ വാഹനത്തിൽ വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് (ലിറ്റർ) | | | | അഭിപ്രായം |
|---|---|---|---|---|---|
| | വാർഡ് 14 | വാർഡ് 15 | വാർഡ് 16 | വാർഡ് 18 | |
| 23.5.16 | 1x3000=3000 | 2x3000=6000 | 1x3000=3000 | - | 1.ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ.<br>2.ട്രിപ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 24.5.16 | 2x3000=6000 | 1x3000=3000 | 1x3000=3000 | 1x4000=4000 | |
| 25.5.16 | 1x3000=3000 | 1x3000=3000 | 1x3000=3000 | 1x4000=4000 | |
| 26.5.16 | 1x3000=3000 | 2x3000=6000 | 1x3000=3000 | 1x4000=4000 | |
| 27.5.16 | 2x3000=6000 | 1x3000=3000 | 1x3000=3000 | 1x4000=4000 | |
| 28.5.16 | 1x3000=3000 | 1x3000=3000 | 2x3000=6000 | 1x4000=4000 | |
| 29.5.16 | 1x3000=3000 | 2x3000=6000 | 1x3000=3000 | 1x4000=4000 | |
| 30.5.16 | 2x3000=6000 | 1x3000=3000 | 1x3000=3000 | 1x4000=4000 | |
| 31.5.16 | 1x3000=3000 | 1x3000=3000 | 2x3000=6000 | 1x4000=4000 | |
| 1.6.17 | 1x3000=3000 | 2x3000=6000 | 1x3000=3000 | 1x4000=4000 | |
| 2.6.17 | 2x3000=6000 | 1x3000=3000 | 1x3000=3000 | - | |
| 3.6.17 | 1x3000=3000 | 1x3000=3000 | 2x3000=6000 | 2x4000=8000 | |
| 4.6.17 | 1x3000=3000 | 2x3000=6000 | - | 1x4000=4000 | |
| 5.6.17 | 1x3000=3000 | 1x3000=3000 | 2x3000=6000 | 1x4000=4000 | |
| ആകെ | 54000.00 | 57000.00 | 51000.00 | 52000.00 | |

ഒരേ വാഹനത്തിൽ ഒരേ ദിവസം വാർഡ് 18 ൽ 4000 ലിറ്റർ അളവിലുള്ള ടാങ്കിലും മറ്റ് മൂന്ന് വാർഡുകളിൽ 3000ലിറ്റർ അളവിലുള്ള ടാങ്കിലും വെള്ളം വിതരണം ചെയ്തതിന് കാരണം വ്യക്തമല്ല. ടാങ്കുകളുടെ അളവ് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്താത്തതിനാലാണ് ഇക്കാര്യത്തിൽ മേൽപ്പറഞ്ഞ അവ്യക്തത വന്നിട്ടുള്ളത് എന്ന് കാണുന്നു.

3. ഓരോ യാത്രക്കും ട്രിപ്ഷീറ്റുകൾ സമർപ്പിച്ചിട്ടില്ല. ട്രിപ്പ് ഷീറ്റുകളിൽ സമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പട്ടികയിൽ അഭിപ്രായപ്പെട്ടതു പോലെ, കോൺട്രാക്ടർ വെള്ളം വിതരണം ചെയ്യുന്നതിന് ഉപയോഗിച്ച ഓരോ വാഹനവും ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ,

മാത്രമല്ല ട്രിപ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രിപ് ഷീറ്റുകളുടെ പരിശോധനയിൽ നിന്നും ഓരോ വാഹനവുംനടത്തിയ ട്രിപ്പുകളുടെ ആധികാരികത വ്യക്തമല്ല. ഇപ്രകാരമുള്ള ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് പ്രതിഫലം അനുവദിച്ചത് ക്രമപ്രകാരമല്ല.

4 <u>വരുമാന നികുതി ഈടാക്കിയിട്ടില്ല.</u>

കരാറുകാരന് നൽകിയ 1301690/- രൂപയിൽ നിന്നും 1%നിരക്കിൽ 13016/- രൂപ വരുമാന നികുതി ഈടാക്കേണ്ടിയിരുന്നു. ആയത് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10/29.10.18 എൻക്വയറിക്ക് സെക്രട്ടറി സമർപ്പിച്ച 30.10.18തീയ്യതിയിലെ മറുപടിയിൽ മെമ്പർമാർ കുടിവെള്ള വിതരണം കാര്യക്ഷമമായി മോണിറ്റർ ചെയ്തിട്ടുണ്ടെന്നും, ക്രമ നമ്പർ 2,3 അപാകതകൾ പരിചയക്കുറവ് മൂലം സംഭവിച്ചതാണെന്നും ആയത് ആവർത്തിക്കില്ലെന്നും, ക്രമ നമ്പർ 2 ലെ അപാകത നിമിത്തം കരാറുകാരന് വാർഡ് നം.18 ൽ വെള്ളം വിതരണം ചെയ്ത ഇനത്തിൽ അധികം നൽകാനിടയായ 13000.00ലിറ്റർ വെള്ളത്തിന്റെ വില 4420.00 രൂപയും, ക്രമ നമ്പർ 5 പ്രകാരമുള്ള വരുമാന നികുതിയും അടവാക്കാൻ കരാറുകാരന് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശം ഇല്ലാത്തതിനാലാണ് പ്രൊജക്ട് പാസാക്കാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.

പ്രൊജക്ട് കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിന് കൂടുതൽ സാധ്യത ഉണ്ടായിരുന്നു എങ്കിലും ആയത് ചെയ്തിട്ടില്ല. എങ്കിലും മറുപടി അംഗീകരിച്ച് ക്രമ നമ്പർ 1,3 പരാമർശം തുടരുന്നില്ല. ക്രമ നമ്പർ 2,4,5 അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക് പഞ്ചായത്ത് | 6035 | 0 | ഐ.സി.ഡി.എസ്.സ്കോളർഷിപ്പ് (77/17 ) | 0 | 6035 * |
| | 0 | 2,00,000 | 16/18 – ഐ.സി.ഡി.സി.സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 0 | 0 | 0 | 0 ** |
| | | 500000 | 16/18 സ്കോളർഷിപ്പ് | 500000 | 0 |
| ആകെ | 6035 | 700000 | | 700000 | 6035 |

*ബ്ലോക്ക് പഞ്ചായത്തിന്റെ മുന്നിരിപ്പായി AFS ൽ കാണിച്ച 635035 രൂപയിൽ 6035 രൂപ ഒഴികെ ബാക്കി തുക മുൻ വർഷങ്ങളിൽ തന്നെ ചെലവഴിച്ച് കഴിഞ്ഞതാണ്. എന്നാൽ ജേണൽ വൗച്ചർ ചെയ്യാത്തത് കാരണം 2017-18 വാർഷിക കണക്കിൽ നീക്കിയിരിപ്പായി അവശേഷിക്കുകയാണ്.

**ജില്ലാ പഞ്ചായത്തിന്റെ മുന്നിരിപ്പായി AFS ൽ കാണിച്ച തുക 1170000 രൂപ മുഴുവനും മുൻ വർഷങ്ങളിൽ തന്നെ ചെലവഴിച്ച് കഴിഞ്ഞതാണ്. എന്നാൽ ജേണൽ വൗച്ചർ ചെയ്യാത്തത് കാരണം 2017-18 വാർഷിക കണക്കിൽ നീക്കിയിരിപ്പായി അവശേഷിക്കുകയാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | 209/18 വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | വൗച്ചർ നം. -21701054 തീയ്യതി. 17/03/18 | 423630 (CFC fund) | 0 | പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 423630 |
| ഭൂഗർഭജല വകുപ്പ് | 252/18 വിവിധ എസ് സി കോളനികളിൽ കുഴൽ കിണർ നിർമ്മാണം | വൗച്ചർ നം -21701053 തീയ്യതി.17/03/18 | 122590 (SCP Fund) | 0 | പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 122590 |
| ഭൂഗർഭജല വകുപ്പ് | 255/18 - വാർഡ് 7 ലെ കുഴൽകിണറുകളുടെ നിർമ്മാണം | വൗച്ചർ നം-21701055 തീയ്യതി. 17/03/18 | 207020 (CFC fund) | o | പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 207020 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18,01,530 |
| തൻവർഷം നിക്ഷേപിച്ച തുക | 1,53,130 |
| ആകെ | 19,54,660 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19,54,660 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No.0020140009777/12.10.17,പള്ളിക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 19,54,660 |
| ആകെ | 19,54,660 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം താഴെ പറയും പ്രകാരം 3250.00 /- രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1996-97 | 12, 22,26(1) | 141+33+635=809 | ശ്രീ.A.K.മൊയ്തീൻകോയ | 117040105846/ 19.10.17 |
| 1984-85 | 18 | 20 | ശ്രീ.യു.ഉണ്ണികൃഷ്ണൻ | 117040105847/ 19.10.17 |
| 1986-87 | 9(a),10(b),21 | 19+121+33=173 | ശ്രീമതി സി.ഗീത | 117040105868/ 19.10.17 |
| 1990-91 | 22,23,24,25,26 | 708+59+165+118+996=2046 | ശ്രീ.പി.വി,സുനിൽകുമാരൻ | 117040105869/ 19.10.17 |
| 1986-87 | 10(a) | 202 | ശ്രീമതി സി.ഗീത | 117040109894/ 11.01.18 |
| ആകെ | | 3250.00 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 30 (1) | 2003-04 | 3-10-13 | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1998-99 | 38 (5), 45, 53 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1999-2000 | 40, 43 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, മേൽവിലാസം | സർചാർജ് സർട്ടിഫിക്കറ്റ് നമ്പർ തീയ്യതി | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2010-11 | 3-4, 3-11 | ശ്രീ. സി.കെ.മോഹൻദാസ് | LF.17737/Spl.Cell /CSC/D1/13 dt.15.12.2016 | 5718895 | 5718895 | തുക ഈടാക്കിയ വിവരം ലഭ്യമല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,81,94,251 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,56,80,462 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 438570 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4420 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1401507 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-17 | | 4420 | ശ്രീ.കെ.പി അനിൽ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30450 | ശ്രീ. ഉണ്ണി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 7846 | ശ്രീ. ഉണ്ണി.കെ, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-3 | 1064997 | ശ്രീ.രവീന്ദ്രനാഥ്.പി.ഡി, സെക്രട്ടറി |
| 3-6 | 92804 | ഡോ. സുരയ്യ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 3-7 | 193770 | ഡോ. സുരയ്യ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 3-15 | 11640 | ശ്രീ.രവീന്ദ്രനാഥ്.പി.ഡി, സെക്രട്ടറി |
| ആകെ | 1401507 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-17 | 13016 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രവീന്ദ്രനാഥ്.പി.ഡി, സെക്രട്ടറി | വിരമിച്ചു | ഓച്ചോളിൽ സുരഭി ഹൗസ്, അഴിഞ്ഞിലം (പി.ഒ), ഫറോക്ക് കോളേജ് വഴി. 673632 |
| ശ്രീ.കെ.പി.അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, നടത്തറ ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ | കാട്ടുകണ്ടത്തിൽ വീട്,ഇരിങ്ങാലക്കുട നോർത്ത്, കാട്ടുങ്ങച്ചിറ, തൃശ്ശൂർ ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1974-75 | എൽ.എഫ്.എം09/1810/94 തി. 30.07.1994 | 08 | |
| 1981-82 | എൽ.എഫ്.എം07/1764/03 തി. 17.11.2003 | 02 | |
| 1985-86 | എൽ.എഫ്.എം09/1878/03 തി. 30.07.2004 | 10 | |
| 1991-92<br>92-93 | എൽ.എഫ്.എം07/1780/94 തി. 30.07.1994 | 09 | |

| | | | |
|---|---|---|---|
| 1993-94 | എൽ.എഫ്.എം07/1773/03 തി. 18.11.2003 | 14 | |
| 1996-97 | എൽ.എഫ്.എം07/659/01 തി. 06.07.2005 | 15 | |
| 1997-98 | എൽ.എഫ്.എം12/1466/01 തി. 18.11.2003 | 31 | |
| 1998-99 | എൽ.എഫ്.എം07/1467/01 തി. 18.02.2005 | 31 | |
| 1999-00 | എൽ.എഫ്.എം07/1766/03 തി. 18.01.2003 | 18 | |
| 2000-01 | എൽ.എഫ്.എം07/1878/05 തി. 29.09.2006 | 20 | |
| 2001-02 | എൽ.എഫ്.എം14/744/06 തി. 26.09.2006 | 15 | |
| 2002-03 | എൽ.എഫ്.എം14/567/08 തി. 18.12.2008 | 05 | |
| 2003-04 | എൽ.എഫ്.എം14/568/08 തി. 18.12.2008 | 13 | |
| 2004-05 | എൽ.എഫ്.എം14/1789/08 തി. 04.03.2009 | 02 | |
| 2005-06 | എൽ.എഫ്.എം14/1777/08 തി. 14.03.2009 | 03 | |
| 2006-07 | എൽ.എഫ്.എം14/1652/09 തി. 09.06.2010 | 10 | |
| 2007-08 | എൽ.എഫ്.എം06/807/12 തി. 06.06.2012 | 28 | |
| 2008-09 | എൽ.എഫ്.എം06/808/12 തി. 06.06.2012 | 26 | |
| 2009-10 | എൽ.എഫ്.എം06/809/12 തി. 06.06.2012 | 21 | |
| 2010-11 | എൽ.എഫ്.എം06/791/13 തി. 12.06.2013 | 18 | |
| 2011-12<br>12-13 | എൽ.എഫ്.എം06/1613/14 തി. 08.10.14 | 16 | |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം06/1897/15 തി. 10.9.15 | 14 | |
| 2015-16 | കെ.എസ്.എ.എം.പി.എം06/1897/15 തി. 10.9.15 | 15 | |
| 2016-17 | കെ.എസ്.എ.എം.പി.എം26/2286/17 തി. 14.11.17 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.26/1808/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി:20-07-2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകപ്പ് ,2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും 22-05-2018ലെ (സാധാ.)

1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം